## അടിയന്തരപ്രമേയം

### സംസ്ഥാന പോലീസ് മേധാവിയായി ഡോ. ടി. പി. സെൻകുമാറിനെ പുനഃസ്ഥാപിക്കൽ

മി. സ്പീക്കർ: രാജ്യത്തെ പരമോന്നത നീതിപീഠമായ സുപ്രീംകോടതി ഏപ്രിൽ 24-ന് പുറപ്പെടുവിച്ച വിധിന്യായത്തിലൂടെ സംസ്ഥാന പോലീസ് മേധാവിയായി സ്റ്റേറ്റ് പോലീസ് ചീഫ് ഡോ. ടി. പി. സെൻകുമാറിനെ പുനഃസ്ഥാപിക്കാൻ നൽകിയ ഉത്തരവ് 8 ദിവസമായിട്ടും നടപ്പിലാക്കാത്തതുമൂലവും വിധി നടപ്പിലാക്കുന്നതിൽ സംസ്ഥാന ഗവൺമെന്റ് കാണിക്കുന്ന കുറ്റകരമായ അനാസ്ഥമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. എം. ഉമ്മർ, കെ. സി. ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2017 ഏപ്രിൽ 24-ലെ ടി. പി. സെൻകുമാർ കേസ്സിലെ സുപ്രീംകോടതി വിധി സർക്കാർ പരിശോധിച്ചുവരികയാണ്. രാജ്യത്തിന്റെ പരമോന്നത നീതിപീഠമായ സുപ്രീംകോടതിയുടെ വിധി സർക്കാരിനെ സംബന്ധിച്ചിടത്തോളം അന്തിമമാണ്.

അതുകൊണ്ടുതന്നെ സുപ്രീംകോടതി വിധി നടപ്പിലാക്കുന്ന കാര്യത്തിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നീതിയുടെ സംരക്ഷകരാണ് ജുഡീഷ്യറി. ജനാധിപത്യ സംവിധാനത്തിൽ നീതിനിർവ്വഹണത്തിൽ ജുഡീഷ്യറിക്ക് സുപ്രധാന പങ്കാണുള്ളത്. ഭരണഘടനയുടെ സംരക്ഷകർകൂടിയാണ് സുപ്രീംകോടതി. അതുകൊണ്ടുതന്നെ ഇവിടെ പരാമർശിച്ച കേസ്സിൽ മാത്രമല്ല എല്ലാ കേസിലും ഈ നിലപാട് അനുസരിച്ചാണ് സർക്കാർ പ്രവർത്തിക്കുക എന്ന് ഉറപ്പുനൽകുന്നു. ഡോ. ടി. പി. സെൻകുമാറിന്റെ കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പകർപ്പിന്റെ സർട്ടിഫൈഡ് കോപ്പിപോലും ലഭിക്കുന്നതിനുമുമ്പ് ഓൺലൈനിൽ വിധി പകർപ്പ് ലഭ്യമായ ഉടൻ ചീഫ് സെക്രട്ടറി നടപടിയാരംഭിച്ചിട്ടുണ്ട്. നിയമ സെക്രട്ടറിയുടെ ശിപാർശ പരിഗണിച്ചും വിധി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം സർക്കാർ തേടി. അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം 01-05-2017-ന് സർക്കാരിന് ലഭിച്ചിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായത്തിന്റെകൂടി അടിസ്ഥാനത്തിൽ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായ ഒരു അടിയന്തര പ്രശ്നവുമുയരുന്നില്ല.

<u>ശ്രീ. എം. ഉമ്മർ</u>**:** സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽതന്നെ ഈ

അടിയന്തരപ്രമേയത്തിന്റെ പ്രാധാന്യം അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. സംസ്ഥാന ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വം എന്നുപറയുന്നത് നിയമസമാധാനമാണ്. ആ നിയമസമാധാനത്തിന്റെയും ക്രമസമാധാന പാലനത്തിന്റെയും ഉത്തരവാദിത്വം ക്രമസമാധാനത്തിന്റെ ചുമതലയുള്ള ഡി.ജി.പി.-ക്കാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ഒരാഴ്ചയായി ഇവിടെ ഡി.ജി.പി. ഇല്ലാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ കൺക്ലൂഡിംഗ് പോർഷന്റെ ഒരു ഭാഗം മാത്രം ഞാൻ വായിക്കാം.'Under the circumstances, we are compelled to set aside the judgement and order of the Central Administrative Tribunal, the impugned judgement and order of the High Court as well as the order dated 1st June, 2016 and direct the State of Kerala to reinstate the appellant Dr. T. P. Senkumar as the State Police Chief'. എന്നുപറഞ്ഞാൽ 88/2016 ജി.ഒ.(എം.എസ്)ജി.എ.ഡി.യുടെ ഉത്തരവ് ബഹുമാനപ്പെട്ട സുപ്രീംകോടതി അസാധുവാക്കിയിരിക്കുകയാണ്. ഈ വിധി അസാധുവാക്കുന്നതോടുകൂടി ഉണ്ടാകുന്ന പ്രത്യാഘാതം എന്നുപറയപ്പെടുന്നത് പകരമായി ഡി.ജി.പി.-യെ നിയമിച്ചില്ലായെങ്കിൽ ഇന്ന് സംസ്ഥാനത്ത് ഡി.ജി.പി.

ഇല്ലാത്ത ഒരവസ്ഥയുണ്ടാകും എന്നതാണ്. ക്രമസമാധാന പാലനത്തിന്റെ ഏറ്റവും വലിയ ഉത്തരവാദിത്വം മുഖ്യമന്ത്രിക്കല്ല, സംസ്ഥാന പോലീസിന്റെ ആസ്ഥാനത്തുള്ള ഡി.ജി.പി.ക്കാണ്. അങ്ങനെയുള്ള ഡി.ജി.പി. ഇല്ലാതെ എങ്ങനെയാണ് പോലീസിന് ഉത്തരവ് കൊടുക്കാൻ കഴിയുന്നത്; എങ്ങനെയാണ് മറ്റുള്ള നടപടികൾ ചെയ്യാൻ കഴിയുന്നത്? ഈ വിധിയിൽനിന്നുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും എത്ര ലാഘവത്തോടുകൂടിയാണ് കാര്യങ്ങൾ കാണുന്നതെന്ന് മനസ്സിലാക്കാം. ഈ വിധി വന്ന ഉടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതികരിച്ചത് വിധിയുടെ ഏതാനും ഭാഗം മാത്രമേ ഇപ്പോൾ വന്നിട്ടുള്ളൂ, വിധിയുടെ പൂർണ്ണരൂപം വന്നതിനുശേഷം നടപടി സ്വീകരിക്കുമെന്നാണ്. അന്നുതന്നെ ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദൻ പ്രതികരിച്ചത് 'സുപ്രീംകോടതി വിധി പൂർണ്ണമായും നടപ്പിലാക്കണമെന്നാണ്'. ബഹുമാനപ്പെട്ട സി.പി.ഐ.(എം.) സെക്രട്ടറി പറഞ്ഞത് 'കോടതിയും സർക്കാരുമായി ഏറ്റുമുട്ടലില്ലാതെ വിധി നടപ്പിലാക്കാനുള്ള ബാധ്യത സർക്കാരിനുണ്ടെന്നാണ്'. ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞത് 'മാനദണ്ഡങ്ങൾ ലംഘിക്കുന്നതിനാലാകും സർക്കാരിനെതിരെയുള്ള നടപടി കോടതി റദ്ദാക്കിയതെന്നും നീതിന്യായ വ്യവസ്ഥയോടുള്ള ബഹുമാനം പുലർത്തി കോടതി വിധി നടപ്പിലാക്കി വീഴ്ചകൾ

തിരുത്തി സർക്കാർ മുന്നോട്ടുപോകും' എന്നുമാണ്. ഇത് സുപ്രീംകോടതിയുടെ വളരെ പ്രധാനപ്പെട്ട ഒരു വിധിയാണ്. ഏതാണ്ട് 98 പാരഗ്രാഫുള്ള 56 പേജുകൾവരുന്ന ഒരു വിധി, ഇതിന്റെ വിധി പകർപ്പ് ലഭിക്കുന്നതിനുമുമ്പുതന്നെ നടപടിയാരംഭിച്ചുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പറയുന്നു. ഡി.ജി.പി.യെ ആ സ്ഥാനത്ത് നിയമിക്കണമെന്നുപറഞ്ഞാൽ അത് നടപ്പിലാക്കാൻ എന്ത് കാലതാമസമാണുള്ളത്; അദ്ദേഹത്തിന് ഉപദേശം കൊടുക്കേണ്ട നിയമവകുപ്പ് സെക്രട്ടറി സെക്രട്ടേറിയറ്റിനകത്തുതന്നെയുണ്ട്. അതുപോലെതന്നെ അഡ്വക്കേറ്റ് ജനറലാണെങ്കിൽ അദ്ദേഹത്തിന്റെ വിളിപ്പാടകലെയുണ്ട്. ഇങ്ങനെയുള്ള രണ്ട് വ്യക്തികളുടെ നിയമോപദേശം ലഭിച്ചിട്ടും ഇപ്പോഴും ഡി.ജി.പി.യെ നിയമിക്കാതെ അനിശ്ചിതാവസ്ഥ തുടരുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ധാരാളം മീറ്റിംഗുകൾ വിളിച്ചുകൂട്ടുന്നുണ്ട്. അതിലൊക്കെ ഡി.ജി.പി.-ക്ക് പകരമായി പങ്കെടുക്കുന്നത് ആരാണ്; ഈ വിധിയോടുകൂടി ഡി.ജി.പി. ഇല്ലാതായിരിക്കുകയാണ്. ആ വിധിയിൽത്തന്നെ കൃത്യമായി പറഞ്ഞിട്ടുണ്ട്. സാങ്കേതികമായി പറഞ്ഞാൽ യഥാർത്ഥത്തിൽ ടി. പി. സെൻകുമാർ ഡി.ജി.പി.യാണ്. അദ്ദേഹത്തെ നിയമിക്കേണ്ടതല്ലേ; ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒരു സ്പീക്കിംഗ് ഓർഡറാണ്. ഒരവ്യക്തതയുമില്ലാതെ ഗവൺമെന്റ് നൽകിയ അഫിഡവിറ്റ്

പാരഗ്രാഫ് ബൈ പാരഗ്രാഫ് കൃത്യമായി ഡിസ്കസ് ചെയ്തുകൊണ്ട് ഒരു ഡിവിഷൻ ബഞ്ച് പുറപ്പെടുവിച്ച വിധിപോലും നടപ്പിലാക്കുന്നതിന് ഈ ഗവൺമെന്റ് ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണ്. അതിന്റെ അർത്ഥമെന്താണ്; ഇവിടെ സെൻകുമാറിനെ ഡി.ജി.പി. ആക്കുകയെന്നുള്ളതല്ല പ്രശ്നം, സംസ്ഥാനത്തിപ്പോൾ ക്രമസമാധാന പാലനത്തിന്റെ ഉത്തരവാദിത്വം ആർക്കാണ് എന്നുള്ളതാണ്. അതിനുവേണ്ടി ഉത്തരവാദപ്പെട്ട ഒരുദ്യോഗസ്ഥൻ സംസ്ഥാനത്തില്ലാതായി എന്നുപറഞ്ഞാൽ അത് ഭരണഘടനയോട് കാണിക്കുന്ന ലംഘനമാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരുമൊക്കെ ഭരണഘടനയുടെ വ്യവസ്ഥാപിതമായ മാർഗ്ഗത്തിൽക്കൂടി സത്യപ്രതിജ്ഞ ചെയ്തിട്ടുള്ളത് ഭരണഘടനയോടും ഭരണഘടന അനുശാസിക്കുന്ന കോടതി വിധികളും നടപ്പിലാക്കാനുള്ള ബാധ്യതയുണ്ട് എന്നാണ്. എന്നാൽ ഒരു മുഖ്യമന്ത്രിയും ഗവൺമെന്റും ഇപ്പോൾ ചെയ്യുന്നതിനെ സംബന്ധിച്ച് പറയുന്നില്ല. ഗവൺമെന്റിന് കൂട്ടുത്തരവാദിത്വമാണെന്നാണല്ലോ പറയുന്നത്. ഇന്നലെ മന്ത്രിസഭയിലെ ബഹുമാനപ്പെട്ട ഒരംഗം പ്രസ്താവിച്ചത് ചാനലിൽക്കൂടി കാണാൻ കഴിഞ്ഞു. അതിൽ പറഞ്ഞിട്ടുള്ളത് 'സെൻകുമാർ ഒരു കാര്യം മനസ്സിലാക്കണം, അദ്ദേഹം ഗവൺമെന്റിനെ ഭീഷണിപ്പെടുത്തേണ്ട കാര്യമില്ല, ഗവൺമെന്റിന് റിട്ട്

കൊടുക്കാനുള്ള അധികാരമുണ്ട്. അദ്ദേഹം യു.ഡി.എഫ്.-നുവേണ്ടി വോട്ടുപിടിച്ച ആളാണ് എന്നാണ്. അങ്ങനെയുള്ള ഒരാളെ ഇനിയും ഈ ഗവൺമെന്റ് നിയമിക്കുമെന്നാണോ വിശ്വസിക്കേണ്ടത്; കൂട്ടുത്തരവാദിത്വമുള്ള മന്ത്രിസഭയിലെ ഒരു മന്ത്രി തന്നെ ഇങ്ങനെ നിരുത്തരവാദപരമായ പ്രസ്താവന ഇറക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങൾ മുഖവിലയ്ക്കെടുക്കാൻ സാധിക്കുമോ; പരമോന്നത നീതിപീഠത്തിൽനിന്നുള്ള വിധി നടപ്പിലാക്കാൻ ഭരണഘടനാപരമായി ആർട്ടിക്കിൾ 142 വളരെ കൃത്യമാണ്. അതുതന്നെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. തന്നെ സംസ്ഥാന പോലീസ് തലവൻ എന്ന സ്ഥാനത്തുനിന്ന് നീക്കിയതിനെതിരെ സെൻകുമാർ ഉന്നയിച്ച മുഴുവൻ വാദങ്ങളും അംഗീകരിച്ചുകൊണ്ടാണ് ഏപ്രിൽ 24-ന് സുപ്രീംകോടതി വിധി പ്രഖ്യാപിച്ചിട്ടുള്ളത്. സെൻകുമാറിനെ മാറ്റാനായി സർക്കാർ ഉന്നയിച്ച എല്ലാ കാരണങ്ങളും സുപ്രീംകോടതി നിരാകരിച്ചു. സർക്കാരിന്റെ നടപടിയിൽ കടുത്ത അതൃപ്തിയാണ് കോടതി പ്രഖ്യാപിച്ചിട്ടുള്ളത്. അതിൽനിന്നുള്ള പ്രധാനപ്പെട്ട ഒരു വരിമാത്രം ഞാൻ വായിക്കുകയാണ്. 'However, that prima facie satisfaction must be based on some cogent and rational material. Mere repetition of the provisions of Section 97(2)(e) of the Act is not sufficient - there must be

some material on record (other than a newspaper report) but unfortunately nothing has been pointed out to us during the course of submissions'. ഈ ഗവൺമെന്റ് വലിയ ഫീസ് നൽകി വലിയ അഭിഭാഷകർ മുഖാന്തിരം കേസ് വാദിച്ചതിന് ബഹു. സുപ്രീം കോടതി പറഞ്ഞതാണ്, ന്യൂസ് പേപ്പറിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളല്ലാതെ മെറ്റീരിയലായിട്ടുള്ള ഒരു കാര്യവും പറയാൻ കേരളാ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല എന്നത്. ഏതാണ്ട് 11 മാസക്കാലം ഉന്നതനായ ഒരു പോലീസ് ഉദ്യോഗസ്ഥനെ മാറ്റിനിർത്തിയതിന് എന്ത് ന്യായീകരണമാണുള്ളത്? ബഹു. സുപ്രീം കോടതിയിൽ ഇതിനുള്ള കാരണങ്ങൾ നിരത്തുന്നതിൽ ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണ്. അങ്ങനെ തോറ്റുതൊപ്പിയിട്ട്, അതിനുവേണ്ടി വാദിച്ച വക്കീലിന്റെ നിയമോപദേശത്തിനായി ഗവൺമെന്റ് കാത്തിരിക്കുകയാണോ എന്നാണ് അറിയേണ്ടത്. ഈ സുപ്രീം കോടതി വിധിയിലൂടെ ശ്രീ. ടി. പി. സെൻകുമാർ സാങ്കേതികമായി സംസ്ഥാന പോലീസ് മേധാവിയായി മാറിയിരിക്കുകയാണ്. ഇപ്പോൾ മറ്റാരെങ്കിലും ആ സ്ഥാനത്തിരിക്കുന്നെങ്കിൽ അത് ഈ വിധിയുടെ പരസ്യമായ ലംഘനമാണ്. അദ്ദേഹത്തെ തിരിച്ചെടുക്കണമെന്ന് വിധിയുടെ 96-ാം ഖണ്ഡത്തിൽ വളരെ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. അദ്ദേഹത്തെ

ഡി.ജി.പി. സ്ഥാനത്തുനിന്ന് മാറ്റിയ ഉത്തരവ് അസാധുവായ സാഹചര്യത്തിൽ തിരിച്ചെടുക്കുന്നതിന് പ്രത്യേക സമയപരിധിയുടെ ആവശ്യമില്ല. അതിന് അനാവശ്യമായ കാലവിളംബമുണ്ടാക്കുന്നത് കുറേ സംശയങ്ങളുണ്ടാക്കുകയാണ്. 56 പേജിൽ 97 ഖണ്ഡികകളിൽ ശ്രീ. സെൻകുമാറിനെതിരെ കൊടുത്ത അഫിഡവിറ്റും മറ്റ് രേഖകളും വിശദമായി പരിശോധിച്ചതിനുശേഷം പുറപ്പെടുവിച്ച വിധിയാണിത്. നടപടികൾക്ക് പിന്നിൽ രാഷ്ട്രീയ താല്പര്യമുണ്ടാകുമെന്നാണ് കോടതി നിരീക്ഷിച്ചിരിക്കുന്നത്. പോലീസിന്റെ പരമാധികാരിയായ ഒരു ഉദ്യോഗസ്ഥനെ മാറ്റുന്നതിൽ രാഷ്ട്രീയ സ്വാധീനം ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നാണ് കോടതി പറയുന്നത്. ഇത്രയും വ്യക്തമായ വിധി നടപ്പിലാക്കുന്നതിന് നിയമ വകുപ്പുസെക്രട്ടറി ഉപദേശം നൽകിയിട്ടും കേസ് വാദിച്ച വക്കീലിൽ നിന്നും വീണ്ടും ഉപദേശം കേൾക്കാനാണോ കാത്തിരിക്കുന്നത്? നിയമപരമായി ഗവൺമെന്റിനെ ഉപദേശിക്കാൻ കഴിയുന്നത് അഡ്വക്കേറ്റ് ജനറലിനും നിയമ വകുപ്പ് സെക്രട്ടറിക്കുമാണ്. ഈ ഗവൺമെന്റും മുഖ്യമന്ത്രിയും പലപ്പോഴും ബാഹ്യശക്തികളുടെ ഉപദേശമാണ് സ്വീകരിക്കുന്നതെന്നത് വളരെയധികം ഖേദകരമാണ്. ഇപ്പോൾത്തന്നെ ഏഴിലധികം ഉപദേശകരുണ്ട്. ഉപദേശകരുടെ മാറിമാറിയുള്ള ഉപദേശം

കേൾക്കുന്നതുകൊണ്ടാണ് ഇങ്ങനെയുള്ള സുപ്രീം കോടതി ഉത്തരവുകൾ നടപ്പിലാക്കാൻ കഴിയാതെ പോകുന്നത്. ഇപ്പോൾ സംസ്ഥാനത്ത് നിയമപരമായി ഡി.ജി.പി. ഇല്ലാത്ത അവസ്ഥയാണ്. അതിന്റെ അഭാവം പരിഹരിക്കുന്നതിന് റിട്ടയേർഡ് ഉദ്യോഗസ്ഥനായ ശ്രീ. രമൺ ശ്രീവാസ്തവയെ പോലീസിന്റെ ഉന്നത യോഗങ്ങളിൽ പങ്കെടുപ്പിക്കുകയാണ്. പോലീസിലെ ഉദ്യോഗസ്ഥർക്ക് ഇതിൽ അമർഷമുണ്ടെന്നുള്ള വാർത്ത പത്രത്തിൽ വന്നിരിക്കുകയാണ്. മുഖ്യമന്ത്രിയും ഡി.ജി.പി.-യും പങ്കെടുക്കേണ്ട സ്ഥാനത്ത് മുഖ്യമന്ത്രിയുടെ ഉപദേശകനായ മറ്റൊരു റിട്ടയേർഡ് ഉദ്യോഗസ്ഥനെ കൊണ്ടുപോകുകയാണ്. മുഖ്യമന്ത്രിയും ഡി.ജി.പി.-യും പറയേണ്ട കാര്യങ്ങൾ ഉപദേശകരുടെ റോളിലുള്ളവർ പറയുന്നത് ഭരണഘടനാപരമായും നിയമപരമായും പിന്തുണയില്ലാത്ത കാര്യമാണ്. *Justice delayed is justice denied* - വൈകി നൽകുന്ന നീതി, നീതി നിഷേധിക്കുന്നതിന് തുല്യമാണെന്ന് പറയാറുണ്ട്. നീതി നടപ്പാക്കുന്നതിന് പകരം നീട്ടിക്കൊണ്ടുപോകുന്നതിനുള്ള ശ്രമമാണ് ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുന്നത്.

വിവരാവകാശ നിയമപ്രകാരം ലഭ്യമായ രേഖകളിൽ ശ്രീ. സെൻകുമാറിനെതിരായ ആരോപണങ്ങൾ വാസ്തവമല്ലെന്ന്

തെളിഞ്ഞിരിക്കുകയാണ്. ശ്രീ. സെൻകുമാറിനെ മാറ്റുവാനായി പറഞ്ഞിട്ടുള്ള രണ്ട് കാര്യങ്ങളിലൊന്ന് ജിഷാവധവുമായി ബന്ധപ്പെട്ട് ശ്രീ. സെൻകുമാർ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ലെന്നും അത് പബ്ലിക് ഇന്ററസ്റ്റിന് എതിരായിരുന്നു എന്നുള്ളതുമാണ്. ഇതുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് വിവരാവകാശ നിയമപ്രകാരം നൽകിയ ഉത്തരത്തിന്റെ ചില പ്രസക്ത ഭാഗങ്ങൾ വായിക്കുകയാണ്;

*മേൽസൂചിപ്പിച്ച വീഴ്ചകൾ/അപാകതകൾ കോടതിയുടെയോ സർക്കാരിന്റെയോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഗവൺമെന്റിന് മുമ്പുണ്ടായിരുന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായിട്ടുള്ള വീഴ്ചകൾ/അപാകതകൾ കോടതിയുടെയോ സർക്കാരിന്റെയോ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;* ഉത്തരം: ഇല്ല.

*ജിഷയുടെ പിതൃത്വം സംബന്ധിച്ച് നടത്തിയ ഡി.എൻ.എ. ടെസ്റ്റിന്റെ ഫലം എന്താണ്; ജോമോൻ പുത്തൻപുരയ്ക്കൽ എന്നയാൾ ജിഷയുടെ പിതാവ് ഒരു രാഷ്ട്രീയ നേതാവാണെന്ന് കാണിച്ച് രംഗത്ത് വന്നിരുന്നു. ഇത് ശരിയാണോ;* ഉത്തരം: ഡി.എൻ.എ. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജിഷയുടെ പിതാവ് പപ്പുവാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്.

ശ്രീ. സെൻകുമാറിനെ ഡി.ജി.പി. സ്ഥാനത്തുനിന്ന് മാറ്റാനുണ്ടായ കാരണമായി ഗവൺമെന്റ് നൽകിയ അഫിഡവിറ്റിൽ പറയുന്നത് ജിഷാ കേസിന്റെ അന്വേഷണത്തിൽ അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് അപാകതകളുണ്ടായി എന്നുള്ളതാണ്. അതുകൊണ്ടാണ് ഇത് വായിച്ചത്.

അടുത്തത്, *ജിഷയുടെ മൃതദേഹം ഇൻക്വസ്റ്റ് നടത്തിയത് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റല്ല എന്നത് നിയമപ്രകാരം തെറ്റാണോ; വിവാഹം കഴിഞ്ഞ ഏഴ് വർഷം തികയാത്ത ഏത് സ്ത്രീ കൊല്ലപ്പെട്ടാലും ഇൻക്വസ്റ്റ് നടത്തുന്നത് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റായിരിക്കണമെന്ന് നിർബന്ധമാണോ;* ഉത്തരം: എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ ആവശ്യകതയില്ല.

ശ്രീ. സെൻകുമാർ അദ്ദേഹത്തിന്റെ ചുമതലയിൽപ്പെട്ട കാര്യങ്ങളിൽ എടുത്തിട്ടുള്ള തീരുമാനങ്ങളിൽ യാതൊരു അപാകതയും ഉണ്ടായിട്ടില്ലെന്ന് വ്യക്തമാക്കുന്നതാണിത്. വെറും flimsy doubt-ന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തെ പുറത്താക്കിയിട്ടുള്ളതെന്ന് ഇതിൽ നിന്ന് മനസിലാക്കാവുന്നതാണ്. അതുപോലെ പുറ്റിങ്ങൽ ക്ഷേത്രത്തിലെ അപകടം....

<u>മി. സ്പീക്കർ</u>: കോടതിയിലെ ആർഗ്യുമെന്റ് മുഴുവനും ഇവിടെ

കൊണ്ടുവരേണ്ടതുണ്ടോ?

ശ്രീ. എം. ഉമ്മർ: ഇതുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളാണ്. കൊല്ലം ജില്ലയിലെ പുറ്റിങ്ങൽ ക്ഷേത്രത്തിലെ അപകടവുമായി ബന്ധപ്പെട്ട് ചുമതലയുണ്ടായിരുന്ന ഐ.ജി. ശ്രീ. മനോജ് എബ്രഹാമിന് യാതൊരു സ്ഥാനചലനവുമുണ്ടായിട്ടില്ല. അന്ന് കൊല്ലം ജില്ലയുടെ ചുമതലയുണ്ടായിരുന്ന ഐ.ജി. ശ്രീ. മനോജ് എബ്രഹാമായിരുന്നു.

മി. സ്പീക്കർ: കോടതിയിൽ കൊണ്ടുവന്ന ആർഗ്യുമെന്റ് കോടതി സ്വീകരിക്കുകയും തീരുമാനമെടുക്കുകയും ചെയ്തു. അത് ഈ ഫ്ലോറിൽ കൊണ്ടുവരേണ്ട കാര്യമെന്താണ്?

ശ്രീ. എം. ഉമ്മർ: ശ്രീ. സെൻകുമാറിനോടുള്ള വിരോധത്തിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തെ പുറത്താക്കിയതെന്ന സുപ്രീം കോടതി നിഗമനത്തിന് ഉപോൽബലകമായ കാര്യങ്ങൾ സൂചിപ്പിച്ചുവെന്നേയുള്ളൂ. അങ്ങനെയാണെങ്കിൽ ഇപ്പോൾ ഡി.ജി.പി.-യായിരിക്കുന്ന ശ്രീ. ലോക്നാഥ് ബെഹ്റയെ എത്ര തവണ പിരിച്ചുവിടേണ്ടതാണ്. കുണ്ടറയിലും വാളയാറിലും പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ പീഡനത്തിനിരയായി. ഈ വിഷയങ്ങളിൽ പോലീസിന് വീഴ്ചയുണ്ടായിട്ടുണ്ടെന്ന് ബഹു. മുഖ്യമന്ത്രിയും

മന്ത്രിമാരും പറഞ്ഞിട്ടുണ്ടല്ലോ. കൊച്ചി മറൈൻഡ്രൈവിൽ ശിവസേനയുടെ സദാചാര പോലീസിംഗ്, ഡി.ജി.പി. ആസ്ഥാനത്തെ മഹിജയ്ക്കെതിരായ ആക്രമണം, കൊടിഞ്ഞി ഫൈസൽ വധം, നടി*ക്കെതിരായ ആക്രമണം ഇക്കാര്യങ്ങളിലെല്ലാം പോലീസിന് വീഴ്ചയുണ്ടായിട്ടുണ്ടെന്ന് സർക്കാർ അംഗീകരിക്കുമ്പോൾ നിലവിലുള്ള ഡി.ജി.പി.-യെ എത്ര തവണ മാറ്റണം. ......(ബഹളം)....... ഭരണഘടനാപരമായും നിയമമനുസരിച്ചും ഭീതിയോ പക്ഷപാതമോ പ്രീതിയോ വിദ്വേഷമോ കൂടാതെ എല്ലാ തരത്തിലുള്ള ജനങ്ങൾക്കും നീതിചെയ്യുമെന്ന് പ്രതിജ്ഞ ചെയ്ത മുഖ്യമന്ത്രിയും മന്ത്രിമാരും ഭരിക്കുന്നിടത്ത് ......(ബഹളം).......

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്.... അദ്ദേഹം പറഞ്ഞ് അവസാനിപ്പിക്കട്ടെ.

ശ്രീ. ആർ. രാജേഷ്: ......(മൈക്ക് ഓഫ്)....... അക്രമത്തിനിരയായ നടിയുടെ പേര് പറയാൻ പാടില്ല. ......(ബഹളം).......

ശ്രീ. എം. ഉമ്മർ: ഇവിടെ നിയമം വഴി പ്രതിജ്ഞ ചെയ്ത മന്ത്രിമാരെല്ലാം പ്രതിജ്ഞാ ലംഘനം നടത്തിയിരിക്കുകയാണ്. ഒരു ഗവൺമെന്റിന്റെ പ്രധാനമായ ഉത്തരവാദിത്വം നീതി നിർവ്വഹണമാണ്. നീതി

---

* രേഖയിൽ നിന്നും നീക്കം ചെയ്തു.

നിർവ്വഹണത്തിന് ഉത്തരവാദപ്പെട്ട ഏറ്റവും ഉന്നതനായ പോലീസ് ഉദ്യോഗസ്ഥനെ നിയമിക്കണമെന്ന് പറഞ്ഞുള്ള കോടതി ഉത്തരവ് വന്ന് എട്ട് ദിവസമായിട്ടും ഗവൺമെന്റ് സ്വീകരിക്കുന്ന അനങ്ങാപ്പാറ നയത്തിൽനിന്ന് മനസ്സിലാക്കാവുന്നത്...... പോലീസ് സേന ഇപ്പോഴും നാഥനില്ലാതെ കിടക്കുകയാണ്. നിയമപ്രകാരം കേരളത്തിലെ ഡി.ജി.പി. ആരാണെന്ന് ഒരു സാധാരണ പൗരൻ ചോദിച്ചാൽ ബഹു. മുഖ്യമന്ത്രിക്ക് പറയാനാകുമോ? സംസ്ഥാനത്തെ നിയമവാഴ്ച തകരുകയും അതിന് ഉത്തരവാദപ്പെട്ട ആളുകളെ നിയമിക്കാൻ പരാജയപ്പെടുകയും ചെയ്ത ഈ സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): ബഹുമാന്യനായ അംഗം കാര്യങ്ങൾ നല്ല രീതിയിൽ അവതരിപ്പിക്കാൻ ശേഷിയുള്ള ഒരാളാണെന്ന് മുൻകാലങ്ങളിൽ തെളിയിച്ചിട്ടുള്ളതാണ്. പക്ഷെ ഇന്നിവിടെക്കണ്ട പതർച്ച ഇതൊരു മോശം കേസായതുകൊണ്ടാണെന്നാണ് തോന്നുന്നത്. അല്ലെങ്കിൽ ഇത്തരത്തിലൊരു പരിതാപകരമായ അവസ്ഥയുണ്ടാകുമായിരുന്നില്ല. അദ്ദേഹം സംസാരിച്ച കൂട്ടത്തിൽ പീഡനത്തിനിരയായ നടിയുടെ പേര് പറഞ്ഞിരുന്നു. അത് രേഖയിൽ ഉണ്ടാകരുത്. അദ്ദേഹം അങ്ങനെ പറയാൻ

പാടില്ലാത്തതായിരുന്നു. പറയാൻ പാടില്ലെന്ന് അദ്ദേഹത്തിനുതന്നെ അറിയാവുന്നതാണ്. അത് രേഖയിലുണ്ടാകരുത്.

മി. സ്പീക്കർ: പരിശോധിച്ച് നടപടി സ്വീകരിക്കാം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഇവിടെ പരാമർശിച്ച വിഷയം ഇപ്പോൾ സുപ്രീം കോടതിയുടെ പരിഗണനയിലിരിക്കുന്നതാണ്. വിധി വന്നുകഴിഞ്ഞെങ്കിലും ശ്രീ. സെൻകുമാറിന്റെ ഒരു ഹർജി ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലിരിക്കുകയാണ്. അത്തരമൊരു ഘട്ടത്തിൽ ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നത് ശരിയാണെന്ന് തോന്നുന്നില്ല. അതുകൊണ്ട് മാത്രം വിശദമായ കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. സഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 284(1) പ്രകാരം ഇത്തരം കാര്യങ്ങൾ സഭയിൽ ഉന്നയിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും പരിമിതികളുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ടാണ് കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കാത്തത്. അദ്ദേഹം ഇവിടെ പറഞ്ഞതുപോലെ ഡോ. ടി. പി. സെൻകുമാറിനെ ഡി.ജി.പി. സ്ഥാനത്തു നിന്ന് മാറ്റാനിടയായ കാരണങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. അത് പറയാൻ ഇല്ലാത്തതുകൊണ്ടല്ല, കോടതിയുടെ മുന്നിലിരിക്കുന്ന ഒരു കാര്യമായതുകൊണ്ട്

അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഇപ്പോൾ പോകുന്നില്ല. എന്നാൽ ബഹുമാന്യനായ അംഗം തന്നെ ചൂണ്ടിക്കാണിച്ച, സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ഹൈക്കോടതിയും അക്കാര്യത്തിൽ തീരുമാനമെടുത്തിരുന്നുവെന്ന്. ആ തീരുമാനം സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടിയെ അംഗീകരിച്ചുകൊണ്ടുള്ളതായിരുന്നു. സുപ്രീം കോടതി അത് അംഗീകരിച്ചിട്ടില്ല. സുപ്രീം കോടതി വിധി സംസ്ഥാന സർക്കാർ അംഗീകരിക്കുകയും ചെയ്യും. അക്കാര്യത്തിൽ ആശങ്കയുണ്ടാകേണ്ടതായിട്ടില്ല. പക്ഷേ നമ്മൾ കാണേണ്ടത് നേരത്തെ സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ഹൈക്കോടതിയും ഇതേ കാര്യം തന്നെ അംഗീകരിച്ചിരുന്നുവെന്ന വസ്തുത അദ്ദേഹം തന്നെ ഇവിടെ പരാമർശിക്കുകയുണ്ടായി. സുപ്രീം കോടതി അത് റദ്ദ് ചെയ്തത് ഇവിടെ അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അദ്ദേഹം ഗവൺമെന്റിനെ വിമർശിച്ച കാര്യത്തെക്കുറിച്ച് പറയുമ്പോൾ അദ്ദേഹം ഓർക്കേണ്ടത്, ഗവൺമെന്റിനെ ഗൗരവമായി വിമർശിക്കുന്ന ഭാഗം ഇതിലുണ്ട്. എന്തായിരിക്കും ഗോഡ്സ് ഓൺ കൺട്രിയുടെ അവസ്ഥ എന്നുവരെ ചോദിക്കുന്ന ഒരു നില, അത് ഈ ഗവൺമെന്റിനെക്കുറിച്ചല്ല. നേരത്തെയുള്ള ഗവൺമെന്റിനെപ്പറ്റിയാണ്. നേരത്തെയുള്ള മുഖ്യമന്ത്രിയെക്കുറിച്ചാണ് പരാമർശിച്ചിട്ടുള്ളത്. അത് ഈ ഗവൺമെന്റിന് ബാധകമായിട്ടുള്ളതല്ല. അത്തരം

ഒരു ഭാഗവും ഈ വിധിയുടെ ഭാഗമായിട്ടുണ്ട്. ഞാൻ ഇപ്പോൾ അതിന്റെ മറ്റു വിശദാംശങ്ങളിലേയ്ക്ക് പോകാൻ ഈയവസരം ഉപയോഗിക്കുന്നില്ല. ഒരു കാര്യം നാം കാണേണ്ടത് നമ്മുടെ ആക്ട് അനുസരിച്ച് ഡി.ജി.പി., റെയ്ഞ്ചിന്റെ ചുമതലയുള്ള ഐ.ജി., എസ്.പി., കമ്മീഷണർ, എസ്.ഐ. ഇത്രയും ആളുകൾക്ക് സംരക്ഷണമുണ്ട്. അത്രയും ആളുകളെ മാറ്റുന്നതിന് സാധാരണഗതിയിൽ ഒരു കാലപരിധിയൊക്ക പറഞ്ഞിട്ടുണ്ട്. എന്നാൽ സർക്കാരിന് നിർബന്ധമായും ഒരു സാഹചര്യം വന്നാൽ അതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കേണ്ടി വരുമെന്നതും ആ നിയമത്തിൽ തന്നെ പറഞ്ഞിട്ടുള്ളതാണ്. ഇവിടെ നാം കാണേണ്ടത്, 2011 മുതൽ 2016 വരെയുള്ള ഗവൺമെന്റ് ആ ഗവൺമെന്റും അന്നത്തെ ഗവേണൻസും ഇതുമായി ബന്ധപ്പെട്ട് ബഹുജനങ്ങൾ ഒരു വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ആ വിധി വെറും ഗവൺമെന്റിനെക്കുറിച്ച് മാത്രമായിരുന്നില്ല. ഗവേണൻസിനെക്കുറിച്ച് കൂടിയാണ്. നമ്മുടെ ബഹുജനങ്ങൾക്ക് അംഗീകരിക്കാൻ പറ്റാത്ത നിലപാടായിരുന്നു ഉണ്ടായത്. അതിന്റെ ഭാഗമായുള്ള വിധിപ്രഖ്യാപനം ജനങ്ങൾ നടത്തിയത് അതിനനുസരിച്ച് ചില കാര്യങ്ങൾ ചെയ്യാൻ സ്വാഭാവികമായും ഗവൺമെന്റ് നിർബന്ധിതമാകും. അത്തരം കാര്യങ്ങളിൽ ജനങ്ങളുടെ അസംതൃപ്തി കണക്കിലെടുക്കേണ്ടതായിട്ടുണ്ട്. ജനങ്ങൾ എന്തുനിലപാട്

സ്വീകരിച്ചുവെന്ന് അതുമായി ബന്ധപ്പെട്ട് പരിശോധിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ പരിശോധിച്ചാൽ കേരളത്തിലെ ജനങ്ങൾ ആ കാലത്തുണ്ടായ ഗവേണൻസിനെക്കുറിച്ച്; ചുമതലപ്പെട്ടവരെക്കുറിച്ച്; അതിന് നേതൃത്വം കൊടുത്തവരെക്കുറിച്ച് കടുത്ത അസംതൃപ്തിയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതുമായി ബന്ധപ്പെട്ട നടപടി സ്വീകരിക്കാനുള്ള ബാദ്ധ്യത സംസ്ഥാന ഗവൺമെന്റിൽ നിക്ഷിപ്തമാണ്. അതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കേണ്ടതായി വരും. എന്നാൽ സുപ്രീം കോടതി ഒരു നിലപാട് എടുത്താൽ ആ നിലപാട് നിയമപരമായി അന്തിമമാണ്. ഇവിടെ ഗവൺമെന്റ് പരാജയപ്പെട്ടുവെന്ന് അദ്ദേഹം പറഞ്ഞു. ഇവിടെ ഏതെങ്കിലും ഒരാൾ പരാജയപ്പെടുകയോ തോൽക്കുകയോ അല്ല ചെയ്യുന്നത്, വാദിയോ പ്രതിയോ പരാജയപ്പെടുകയോ വിജയിക്കുകയോ അല്ല ചെയ്യുന്നത്. ഇവിടെ സംഭവിക്കുന്നത് നീതിയുടെ വിജയമാണ്, അതാണ് കോടതി വിധിയിലൂടെ വരുന്നത്. ആ നിലയ്ക്കേ അതിനെ കാണേണ്ടതായിട്ടുള്ളൂ. അപ്പോൾ സുപ്രീംകോടതി വിധി ആ നിലയ്ക്ക് തന്നെ സർക്കാർ കാണും. അതുമായി ബന്ധപ്പെട്ടുള്ള ചില കാര്യങ്ങൾ പരിശോധിക്കേണ്ടതായിട്ടുണ്ട്. ആ പരിശോധന സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. ഉചിതമായ തീരുമാനം അതുമായി ബന്ധപ്പെട്ട്

എടുക്കുക തന്നെ ചെയ്യും. ഒരുതരത്തിലുള്ള നാഥനില്ലായ്മയും കേരള പോലീസിന് ഉണ്ടായിട്ടില്ല. നാഥൻ നിലനിന്നുകൊണ്ടുതന്നെയാണ് കേരള പോലീസ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അക്കാര്യത്തിൽ യാതൊരു ആശങ്കയും ഉണ്ടാകേണ്ടതായിട്ടില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഇപ്പോൾ കേരളത്തിലെ ഡി.ജി.പി. ആരാണ് എന്ന് അങ്ങേയ്ക്ക് ഒന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: ഡി.ജി.പി.-യെ നിശ്ചയിക്കുന്നത് സർക്കാരാണ്. ഡി.ജി.പി.-യെ സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ടുതന്നെ ആ കാര്യം നിലനിൽക്കുകയാണ്, അതുമായി ബന്ധപ്പെട്ട് അതിനെ കാണേണ്ടതില്ല. സുപ്രീം കോടതി വിധി ഉയർന്നു വന്ന സാഹചര്യത്തിൽ എന്തുചെയ്യണമെന്നുള്ളത് സർക്കാർ ആലോചിച്ചു തീരുമാനിക്കും. അതുകൊണ്ടുതന്നെ അക്കാര്യത്തിൽ ഒരു ആശങ്കയും ഉണ്ടാകേണ്ടതായിട്ടില്ല ....(ബഹളം)..... നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യ വ്യവസ്ഥിതിക്കനുസരിച്ച് ഡി.ജി.പി.-യെ പോലുള്ള ഒരു സ്ഥാനത്ത് നിയമനം നടത്തുമ്പോൾ..., ഏത് സ്ഥാനത്തെ നിയമനവും സാധാരണഗതിയിൽ സർക്കാരാണ് നടത്തേണ്ടത്. അതുമായി ബന്ധപ്പെട്ടുള്ള നിയമപരമായ കാര്യങ്ങൾ പരിശോധിക്കാൻ കോടതിക്ക് അധികാരമുണ്ട്. അത് കോടതി ചൂണ്ടിക്കാണിക്കും.

ആ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരാണ് തീരുമാനം എടുക്കേണ്ടത്. അതല്ലാതെ പ്രതിപക്ഷം ആരോപിക്കുന്നതുപോലെ എക്സിക്യൂട്ടീവിന്റെ അധികാരമാകെ ജുഡീഷ്യറി എടുത്തുകളഞ്ഞിട്ടില്ല. ജുഡീഷ്യറി വ്യാഖ്യാനിച്ച് കാര്യങ്ങൾ പറയും. അതനുസരിച്ച് എക്സിക്യൂട്ടീവ് കാര്യങ്ങൾ നടത്തണം. അതുതന്നെയാണ് ഇവിടെയുണ്ടാകുക. ഒരു സംശയവും ആ കാര്യത്തിൽ വേണ്ടതായിട്ടില്ല. ഇവിടെ ഒരു തരത്തിലുള്ള ആശങ്കയും ഉണ്ടാകേണ്ടതായിട്ടില്ല. ഇവിടെ അദ്ദേഹം പറഞ്ഞു, എ.ജി. യുടെ ഉപദേശം വാങ്ങുന്നില്ലെന്ന്. എ.ജി.-യുടെ ഉപദേശം വാങ്ങിയിട്ടുണ്ട്, ഞാൻ അത് നേരത്തെ പറഞ്ഞു. എ.ജി.-യുടെ ഉപദേശം ഇന്നലെ കിട്ടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് നടപടി എടുക്കാൻ പോകുന്നത്. ഒരു ആശങ്കയും ഉണ്ടാകേണ്ടതില്ല. ഇക്കാര്യത്തിൽ നിയമപരമായി സ്വീകരിക്കേണ്ട നടപടി സർക്കാർ സ്വീകരിക്കുക തന്നെ ചെയ്യും. അതുകൊണ്ടുതന്നെ ഇത് സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു ആവശ്യകതയുമില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഈ സംസ്ഥാനത്തെ ഒരു ഡി.ജി.പി.-യുടെ പേര് പോലും; ക്രമസമാധാന ചുമതലയുള്ള ഡി.ജി.പി.-യുടെ പേര് ബഹുമാന്യനായ മുഖ്യമന്ത്രിക്ക് പറയാൻ കഴിയാത്തതിൽ ഞാൻ വളരെ വളരെ ലജ്ജിക്കുകയാണ്. ഇതുപോലൊരു സാഹചര്യം കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ഒരു സംസ്ഥാന ഗവൺമെന്റിന്റെ ചുമതലയെന്താണ്? നീതിനിർവ്വഹണമാണ് - administration of justice. ഈ സംസ്ഥാനത്ത് നീതിനിർവ്വഹണം നടപ്പാക്കാൻ ചുമതലയുള്ള ഉദ്യോഗസ്ഥൻ ആരാണ്? സ്റ്റേറ്റ് പോലീസ് ചീഫ്. ആ സ്റ്റേറ്റ് പോലീസ് ചീഫിന്റെ പേരുപോലും ബഹുമാന്യനായ മുഖ്യമന്ത്രിക്ക് ഈ സഭയിൽ പറയാൻ കഴിയാത്തത് ഈ പ്രശ്നത്തിന്റെ ഗൗരവാവസ്ഥ ബോധ്യപ്പെടുത്തുന്നു. ഇവിടെ ശ്രീ. നരേന്ദ്ര മോദിയും ശ്രീ. പിണറായി വിജയനും തമ്മിൽ എന്താണ് വ്യത്യാസം? 2002-ലെ ഗോദ്രാ കലാപകാലത്ത് ഇന്റലിജൻസ് എ.ഡി.ജി.പി.-യായിരുന്ന ശ്രീകുമാർ മലയാളിയാണ്. അന്ന് ശ്രീ. നരേന്ദ്ര മോദിയുടെ ആജ്ഞയനുസരിക്കാൻ മടിച്ച സമയത്ത് അദ്ദേഹത്തെ ഡി.ജി.പി. റാങ്ക് നൽകാതെ പുറത്ത് നിർത്തി. ശ്രീകുമാർ വിരമിച്ച ശേഷം സുപ്രീം കോടതിയിലും ഹൈക്കോടതിയിലും പോയ ശേഷമാണ് അദ്ദേഹത്തിന് പൂർവ്വകാല

പ്രാബല്യത്തോടെ പ്രൊമോഷൻ നൽകിയത്. സംസ്ഥാന ഗവൺമെന്റിന് ഉദ്യോഗസ്ഥന്മാരെ നിയമിക്കാനുള്ള അധികാരമുണ്ട്. ഞാൻ അതിനെ ചോദ്യംചെയ്യുന്നില്ല. പക്ഷേ അത് നിയമത്തിന്റെ നാല് അതിരുകൾക്കുള്ളിൽ നിന്നാകണം. പ്രകാശ് സിംഗ് കേസിൽ സുപ്രീം കോടതിയുടെ സുപ്രധാനമായ വിധിയുണ്ടായി. ഏഴ് കാര്യങ്ങളാണ് അതിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ആ ഏഴ് കാര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ കേരളത്തിലെ ഈ നിയമസഭാ പാസ്സാക്കിയ 2006-ലെ കേരള പോലീസ് ആക്ടിലുണ്ട്. കേരള പോലീസ് ആക്ട് അനുസരിച്ചുവേണം നിയമിക്കാൻ. അതുകൊണ്ടാണ് ഇവിടെ സുപ്രീം കോടതി ചോദ്യം ചെയ്തത്. അല്ലാതെ എക്സിക്യൂട്ടീവിന്റെ അധികാരത്തെ ജൂഡീഷ്യറി കയറി കവർന്നെടുത്തത് എന്നുള്ള മുഖ്യമന്ത്രിയുടെ വാദം നിരർത്ഥകമാണ്. എക്സിക്യൂട്ടീവ് ഒരു കാര്യം ചെയ്യുമ്പോൾ നിയമസഭയോ പാർലമെന്റോ പാസ്സാക്കിയ നിയമങ്ങൾക്കനുസൃതമാകണം. ആ നിയമങ്ങളുടെ നാല് അതിരുകൾക്കുള്ളിൽ നിന്നാകണം. അല്ലാതെ വന്നാൽ തീർച്ചയായിട്ടും, the Judiciary will step in and they will correct the Executive. അതാണ് നമ്മുടെ രാജ്യത്തെ പാർലമെന്ററി ജനാധിപത്യത്തിന്റെ പ്രത്യേകത. ബഹുമാന്യനായ മുഖ്യമന്ത്രി അങ്ങ് മനസ്സിലാക്കണം, ഈ സുപ്രീം കോടതി വിധി ഒരു ചരിത്രപരമായ വിധിയാണ്.

അങ്ങ് പറഞ്ഞു, ഇത് ഞങ്ങൾ നടപ്പിലാക്കുമെന്ന്. 8 ദിവസം കഴിഞ്ഞു. കർണ്ണാടകത്തിൽ കേരളീയനായിരുന്ന അബ്ദുൾറഹിമാൻ ഇൻഫന്റ്, Kerala born former Karnataka DGP was appointed as the State Police Chief of Karnataka on the basis of High Court order. Abdul Rahiman Infant moved the Court after Karnataka Government overlooked seniority to appoint an officer. അദ്ദേഹം പറയുന്നു, I was appointed as DGP the very next day. കർണ്ണാടക ഹൈക്കോടതി സീനിയോറിറ്റി ലംഘിച്ച് അബ്ദുൾ റഹിമാൻ ഇൻഫന്റിനെ പോസ്റ്റ് ചെയ്യാതിരുന്നതിനെതിരെ കർണ്ണാടക ഹൈക്കോടതി വിധി പ്രഖ്യാപിച്ചു. പിറ്റേ ദിവസം അബ്ദുൾ റഹിമാൻ ഇൻഫന്റിനെ അവിടത്തെ ഗവൺമെന്റ് ഡി.ജി.പി.-യായി നിയമിച്ചു. ഇവിടെ എട്ടുദിവസം കഴിഞ്ഞിട്ടും എന്തിനാണ് ഈ ഗവൺമെന്റിന് ഒരു ചാഞ്ചാട്ടം; എന്തിനാണ് ഗവൺമെന്റിന് ഈ ഒളിച്ചുകളി; എന്തിനാണ് ഇത്രയും വലിയ നിയമപണ്ഡിതന്മാരുടെ പിന്നാലെ പോകേണ്ടത്. ഇനി നിങ്ങളുടെ മുമ്പിലുള്ള ഏകമാർഗ്ഗം റിവിഷൻ ഹർജി മാത്രമാണ്. സെക്രട്ടറിക്കും എ.ജി.ക്കും ഹരീഷ് സാൽവയ്ക്കും നിയമ വിദ്യാർത്ഥികളായിരുന്ന നമുക്കും അറിയാം ഇനി ഈ ഗവൺമെന്റിന്റെ മുന്നിലുള്ളത് റിവിഷൻ ഹർജി മാത്രമാണെന്ന്. ഇതല്ലായെന്ന് തൊട്ടടുത്തിരിക്കുന്ന ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പറയട്ടെ. ഈ

കേസിന്റെ വിധിന്യായം നമ്മുടെ മുമ്പിലുണ്ട്. ഞാൻ ഇത് മൂന്ന് തവണ വായിച്ചു. ഈ വിധിന്യായത്തിൽ പറയുന്നതനുസരിച്ചാണെങ്കിൽ റിവിഷൻ ഹർജി സുപ്രീംകോടതിയുടെ വരാന്തയിൽപോലും നിൽക്കില്ല എന്നതാണ് വസ്തുത. വസ്തുതയെ വസ്തുതയായി അംഗീകരിക്കണം. ബഹുമാന്യനായ മുഖ്യമന്ത്രീ, അങ്ങ് നിയമസഭയിൽ 08-03-2017-ന് ശ്രീ. കെ. മുരളീധരൻ നോട്ടീസ് നൽകിയ അടിയന്തര പ്രമേയത്തിന് നൽകിയ മറുപടി ഞാൻ വായിക്കാം. 'സെൻകുമാറിനെ മാറ്റിയത് ജിഷ കൊല ചെയ്യപ്പെട്ടതുകൊണ്ടല്ല, സെൻകുമാർ ഡി.ജി.പി. സ്ഥാനത്തിരിക്കാൻ പറ്റാത്ത ഒരാളായിരുന്നു. അദ്ദേഹത്തിന്റെ ഇപ്പോഴുള്ള എല്ലാ ചെയ്തികളും സമൂഹത്തിന് ആകെ ബോദ്ധ്യമാകുന്ന രീതിയിൽ തെളിയിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്'. അവിടെയാണ് ശ്രീ. എം. ഉമ്മർ ചൂണ്ടിക്കാണിച്ച അങ്ങയുടെ പരാജയം, ഈ ഗവൺമെന്റിന്റെ പരാജയം. സെൻകുമാർ ഡി.ജി.പി. സ്ഥാനത്തിരിക്കാൻ അർഹനല്ലെന്ന് ഈ നിയമസഭയിൽ 08-03-2017-ന് അങ്ങ് പറഞ്ഞു. ഈ രാജ്യത്തെ പരമോന്നത നീതിപീഠം പറയുന്നത് സെൻകുമാർ ഈ സ്ഥാനത്ത് ഇരിക്കാൻ യോഗ്യനാണെന്നാണ്. ഇത് ഈ സർക്കാരിനേറ്റ ഏറ്റവും വലിയ പ്രഹരമല്ലേ? അദ്ദേഹം ഒരു ഉദ്യോഗസ്ഥനാണ്. പക്ഷെ നിങ്ങളെക്കാൾ കടുത്ത രാഷ്ട്രീയം, നിങ്ങൾക്ക് വേണ്ടിയല്ല ഇപ്പോഴുള്ളത്, നിങ്ങളുടെ കയ്യിലല്ല

ഇപ്പോൾ നിൽക്കുന്നത്, മറ്റ് ആളുകളുടെ കയ്യിലാണ് എന്നാണ് ബഹുമാന്യനായ മുഖ്യമന്ത്രി 28-02-2017-ൽ നിയമസഭയിൽ പറഞ്ഞത്. ഒരു മുഖ്യമന്ത്രി അദ്ദേഹത്തിന്റെ കീഴിലുള്ള ഒരുദ്യോഗസ്ഥനെപ്പറ്റി ഇങ്ങനെ പറയുന്നത് ശരിയാണോ? ഒരിക്കലും ശരിയല്ല. അങ്ങ് അത് വീണ്ടും ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മൾ ഒരു സ്ഥാനത്ത് ഇരിക്കുമ്പോൾ ധാരാളം ഉദ്യോഗസ്ഥർ താഴെ പ്രവർത്തിക്കും, അവർക്ക് വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ടാകും. പക്ഷെ, ഒരു മുഖ്യമന്ത്രി അല്ലെങ്കിൽ മന്ത്രി തന്റെ കീഴിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥനെപ്പറ്റി ഇങ്ങനെ നിയമസഭയിൽ പറഞ്ഞത് ഒരിക്കലും ശരിയായ നടപടിയല്ല. അതിന്റെ പരിണിതഫലമാണ് അങ്ങേയ്ക്ക് ഇപ്പോൾ അനുഭവിക്കേണ്ടി വരുന്നത് എന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എക്സിക്യൂട്ടീവിന് അധികാരം ഉണ്ടെന്ന് അങ്ങ് ഇവിടെ പറഞ്ഞത് ഞാൻ സമ്മതിക്കുന്നു. അങ്ങയുടെ അഭിഭാഷകൻ കോടതിയിൽ പറഞ്ഞ പ്രധാനപ്പെട്ട വാദമാണ് അങ്ങ് ഇവിടെ പറഞ്ഞത്. കേരള പോലീസ് ആക്ട് ഓഫ് 2011-ലെ 97 2(e) -ൽ പറയുന്നത്, പോലീസ് ചീഫിനെയോ എസ്.പി.യേയോ കമ്മീഷണറെയോ മാറ്റണമെങ്കിൽ, ........government, the General public is dissatisfied with the efficiency of police so as to enable a shifting out of Police Chief. ഇതാണ്

സുപ്രീംകോടതി വിധിയുടെ ഹൃദയം എന്ന് പറയുന്നത്. ഈ ഗവൺമെന്റിന്റെ നടപടിക്ക് എതിരായാണ് സുപ്രീംകോടതി പറയുന്നത്. ഞാൻ അത് സംബന്ധിച്ച് ക്വാട്ട് ചെയ്യുകയാണ്. Learned Counsel of the State Government is right in submitting that it is only a prima facie satisfaction that is to be arrived at by the State Government, that the general public is dissatisfied with the efficiency of the police so as to enable a shifting out of police chief. ഇതാണ് കോടതിയിൽ ബഹുമാന്യനായ ഗവൺമെന്റിന്റെ വക്കീൽ വാദിച്ചത്. However that prima facie satisfaction must be based on some cogent and rational material. സുപ്രീം കോടതി കണ്ടെത്തിയത് എന്താണ്? 'ആ ഉദ്യോഗസ്ഥനെ സംബന്ധിച്ച് പബ്ലിക്കിനിടയിൽ പൊതുസമൂഹത്തിന് മുമ്പിൽ അവമതിപ്പുണ്ടെന്ന് പറയുന്നതിന് മെറ്റീരിയൽ എവിടെ' എന്നാണ് കോടതി ചോദിച്ചത്. Nothing has been placed before us in this regard except the view there was dissatisfaction among the general public about the efficiency of the police. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മുമ്പിൽ സംസ്ഥാന സർക്കാരിനുവേണ്ടി ഹാജരായ അഡ്വക്കേറ്റ് ഇതിനാവശ്യമായ ഒരു രേഖയും സമർപ്പിച്ചിട്ടില്ല എന്നാണ് പറഞ്ഞിട്ടുള്ളത്. Mere provision of the 97 2(e) of the

Act is not sufficient. ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. ഒരു ഉദ്യോഗസ്ഥനെ മാറ്റണമെങ്കിൽ അതിനാവശ്യമായ മെറ്റീരിയൽ എവിഡൻസ് ഉണ്ടാകണം. പൊതുസമൂഹത്തിന്റെ മുമ്പിൽ അവമതിപ്പുണ്ട്. പൊതുസമൂഹത്തിന് resentment ഉണ്ട് എന്ന് തെളിയിക്കത്തക്ക യാതൊരുവിധ രേഖയും ഗവൺമെന്റിന്റെ വക്കീൽ സുപ്രീം കോടതിയിൽ ഹാജരാക്കിയിട്ടില്ല എന്നുള്ളതാണ് പ്രധാന കാര്യം. There must be some material record other than the newspaper report. But unfortunately nothing has been pointed out during the course of submission. It is not enough to merely content the State Government and subjectively satisfied that the appellant Sen Kumar .......ought to be transferred as the Police Chief. ബഹുമാന്യനായ മുഖ്യമന്ത്രീ, അങ്ങയുടെ ഗവൺമെന്റ് കോടതിയിൽ സമർപ്പിച്ച ഒരു രേഖയിലും പൊതുസമൂഹത്തിന് അവമതിപ്പ് ഉണ്ടാക്കുന്ന വിധത്തിൽ സെൻകുമാർ പ്രവർത്തിച്ചുവെന്നുള്ളതിന് ഒരു രേഖയും സമർപ്പിച്ചിട്ടില്ല. അതിന്റെയടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി ഈ വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളത്. രണ്ട് കാര്യങ്ങളാണ് പറഞ്ഞത്. ഒന്ന്, പുറ്റിങ്ങൽ കേസ്, രണ്ട്, ജിഷ കേസ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ആ രണ്ട് കേസിലും ഡി.ജി.പി.ക്ക് എന്ത് റോളാണുള്ളത്. പുറ്റിങ്ങൽ അപകടം

ഉണ്ടായപ്പോൾ ഞാനായിരുന്നു ആഭ്യന്തര വകുപ്പുമന്ത്രി. അന്ന് ഇലക്ഷനായിരുന്നു. ഞങ്ങളുടെ ആരുടെയും നിയന്ത്രണത്തിലായിരുന്നില്ല പോലീസ്. ഇലക്ഷൻ പ്രഖ്യാപിച്ചുകഴിഞ്ഞാൽ നമ്മുടെ കയ്യിലല്ല പോലീസും ഭരണകൂടവും. ഇലക്ഷൻ കോഡ് ഓഫ് കണ്ടക്ട് നിലവിലുണ്ടായിരുന്നു. ജില്ലാ പോലീസ് സൂപ്രണ്ട്/കമ്മീഷണർ ഓഫ് പോലീസ്, ചാത്തന്നൂർ ഡിവൈ.എസ്.പി., പരവൂർ സി.ഐ. എന്നിവർക്ക് നേരെയാണ് ആരോപണം ഉന്നയിച്ചത്. ആദ്യത്തെ ചീഫ് സെക്രട്ടറിയുടെ പരാമർശം അവർക്ക് എതിരെ ആയിരുന്നു; അവരെ ട്രാൻസ്ഫർ ചെയ്യണമെന്നായിരുന്നു. അവിടെ ഒരു ഘട്ടത്തിലും ഡി.ജി.പി. സെൻകുമാറിന് ഏതൊരുവിധത്തിലുള്ള ചാർജ്ജും ഉണ്ടായിരുന്നില്ല. ബഹുമാന്യനായ മുഖ്യമന്ത്രീ, ഒരു ഗവൺമെന്റ് മാറുന്നതനുസരിച്ച് ഉദ്യോഗസ്ഥരെയെല്ലാം മാറ്റുമോ? ഒരിക്കലുമില്ല. Government is a continuity. ഇവിടെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് ജേക്കബ് പുന്നൂസിനെ ഡി.ജി.പി. ആയി നിയമിച്ചത്. യു.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോൾ continue ചെയ്തു. ഞങ്ങൾക്ക് ഒരു അപകടവും ഉണ്ടായില്ലല്ലോ. സർക്കാരിന്റെ പോളിസി നടപ്പാക്കുന്ന ഉത്തരവാദിത്വമാണ് ഉദ്യോഗസ്ഥർക്കുള്ളത്. എന്നാൽ ആളുകൾ അത് തന്നെയാകും. പോളിസി മാറുമ്പോൾ അവർ അതനുസരിച്ച് മാറണം. അതാണ് ഗവൺമെന്റ്, അതാണ്

ഗവൺമെന്റിന്റെ continuity. ഇവിടെ ഒരു തെറ്റായ ധാരണ ബഹുമാന്യനായ മുഖ്യമന്ത്രിക്കും ഗവൺമെന്റിനും ഉണ്ട്. ഗവൺമെന്റ് മാറുമ്പോൾ എല്ലാവരെയും മാറ്റുക എന്ന സമീപനം ഒരിക്കലും ഒരു ഭരണത്തിന്റെ നിയന്ത്രണത്തിന് ഗുണകരമായിട്ടുള്ളതല്ല. സെൻകുമാർ എന്ന ഡി.ജി.പി.ക്ക് എതിരായി പബ്ലിക്ക് ആയിട്ടുള്ള ഒരു outcry ഉണ്ടായിരുന്നെങ്കിൽ കഴിഞ്ഞ 12 മാസക്കാലത്തെ കേരളത്തിലെ പോലീസ് ഭരണത്തിന്റെ വീഴ്ചകൾ എത്രമാത്രമാണ്. ഡി.ജി.പി. ലോക്നാഥ് ബെഹ്റയെ എത്ര തവണയാണ് സസ്പെന്റ് ചെയ്യേണ്ടിയിരുന്നത്, എത്ര തവണയാണ് മാറ്റേണ്ടിയിരുന്നത്? മറ്റ് കാര്യങ്ങൾ പോലീസിനെ സംബന്ധിച്ച ഡിമാന്റ് ഡിസ്കഷൻ സമയത്ത് പറയാം. ഇപ്പോൾ ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. സർക്കാരിന്റെ ദുരഭിമാനമാണ് ഇവിടത്തെ പ്രശ്നം. ടി. പി. ചന്ദ്രശേഖരൻ കേസിലെയും മനോജ് വധക്കേസിലെയും വിധിയാണ് ഇതിന്റെ കാരണമെന്ന് ഞാൻ ആരോപിക്കുന്നില്ല. സെൻകുമാർ ഇതിന് മുമ്പും ധാരാളം കേസുകൾ ഇവിടെ അന്വേഷിച്ചിട്ടുണ്ട്. അക്കാര്യം ഡോ. എം. കെ. മുനീർ പറയും. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞ ഒരു കാര്യത്തിൽ എനിക്ക് ഭയങ്കര സന്തോഷം തോന്നി. We are elected by the people, we are accountable to the people. തീർച്ചയായും ഒരു ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ആ

ഗവൺമെന്റിനെ വിജയിപ്പിച്ച ജനങ്ങളോട് ബാദ്ധ്യതയുണ്ട്. സെൻകുമാറിനെ മാറ്റിയിട്ടാണോ ആ ബാദ്ധ്യത നിറവേറ്റുന്നത്? സെൻകുമാറാണോ അതിന് ഉത്തരവാദി; അല്ലെങ്കിൽ എ, ബി, സി എന്നീ ഉദ്യോഗസ്ഥരാണോ ഇതിന് ഉത്തരവാദി? ഒരു ഗവൺമെന്റ് മാറുന്നതിന് ധാരാളം കാരണങ്ങളുണ്ടാകും, രാഷ്ട്രീയമായ കാരണങ്ങളുണ്ടാകും, നേട്ടങ്ങളും കോട്ടങ്ങളുമുണ്ടാകും. അന്നത്തെ പൊളിറ്റിക്കൽ സാഹചര്യങ്ങൾക്കനുസരിച്ചാണ് ജനങ്ങൾ ഗവൺമെന്റിനെ മാറ്റുന്നത്. മുഖ്യമന്ത്രിയെ മാറ്റുന്നില്ലേ? ഇവിടെ അങ്ങയുടെ ഈ കാഴ്ചപ്പാട് മാറണം. ഒരു ഭരണത്തലവൻ എന്ന നിലയിൽ അങ്ങയുടെ കീഴിലാണ് എല്ലാ ഉദ്യോഗസ്ഥരും. അത് ആരാണെങ്കിലും അവരെക്കൊണ്ട് പണിയെടുപ്പിക്കാൻ കഴിയുന്ന മുഖ്യമന്ത്രിയാണെന്നാണ് അങ്ങ് തെളിയിക്കേണ്ടത്. അവിടെയാണ് ഒരു മുഖ്യമന്ത്രിയുടെ ഔന്നിത്യം ഞാൻ കാണുന്നത്. ശ്രീ. മാത്യൂ ടി. തോമസിനോടൊപ്പം കെ.എസ്.ആർ.ടി.സി.യിൽ അഞ്ച് വർഷം ഇരുന്നല്ലോ; അന്ന് എൽ.ഡി.എഫ്. ഗവൺമെന്റായിരുന്നല്ലോ; കെ.എസ്.ആർ.ടി.സി.യെ രക്ഷിക്കാൻ മുൻകൈ എടുത്ത ആളല്ലേ സെൻകുമാർ. (...ബഹളം....) എനിക്ക് വ്യക്തിപരമായി എന്ത് നേട്ടമാണ്. അദ്ദേഹത്തെ ഡിഫൻഡ് ചെയ്യാൻ എനിക്ക് എന്ത് ഉത്തരവാദിത്വമാണുള്ളത്? ഇവിടെ നമ്മൾ കാണേണ്ട കാര്യം, ഗവൺമെന്റ് തീരുമാനം എടുക്കുമ്പോൾ

നിയമപരമായ കാര്യങ്ങളെപ്പറ്റി അവധാനതയുണ്ടാകണം. ഇത്രയുമായിട്ടും അദ്ദേഹത്തെ മാറ്റിയത് എന്തിനാണെന്ന് ഇതുവരെ കോടതിയിൽപോലും പറയാൻ കഴിയാത്ത നിങ്ങൾ എന്തിനാണ് 8 ദിവസക്കാലം കാത്തിരിക്കുന്നത്. അത് ശരിയായ നടപടിയാണോ? You are setting a very bad precedents in the administration of Kerala. കേരളത്തിന്റെ ഭരണരംഗത്ത് നിങ്ങൾ തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കുകയാണ്. ആ കീഴ്വഴക്കം സംസ്ഥാനത്തിന് ഗുണകരമല്ല. ഡി.ജി.പി. നിയമനത്തിന്റെ കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഏറ്റ പരിക്കിന്റെ പൂർണ്ണ ഉത്തരവാദി മുഖ്യമന്ത്രി തന്നെയാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങ് ഈ സഭയിൽ ഉന്നയിച്ച രണ്ടുമൂന്ന് കാരണങ്ങൾകൊണ്ട് അങ്ങയുടെ മേൽ ഞങ്ങൾക്ക് ഇത് ആരോപിക്കേണ്ടി വരും. അല്ലായിരുന്നുവെങ്കിൽ ഇത് ആരോപിക്കേണ്ടി വരില്ലായിരുന്നു. ഒരുദ്യോഗസ്ഥനെതിരെ അങ്ങ് നടത്തിയ പരാമർശമാണ് അങ്ങയെ ദുരഭിമാനത്തിലേയ്ക്ക് എത്തിച്ചിരിക്കുന്നത് എന്നാണ് എനിക്ക് പറയാനുള്ളത്. ഈ സംസ്ഥാനത്ത് ഇതുപോലൊരു സാഹചര്യം ഉണ്ടായിട്ടില്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

ബഹുമാനപ്പെട്ട അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയും ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയും ആയിരുന്ന സമയത്ത് ഈ സംഭവത്തെ സംബന്ധിച്ച് അന്വേഷിച്ച് ഗുരുതരമായ തെറ്റ് ചെയ്ത പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുക്കണമെന്ന് ആഭ്യന്തര സെക്രട്ടറിയും ലോ സെക്രട്ടറിയും നിങ്ങളോട് ആവശ്യപ്പെട്ടു. അതിന്റെ മുകളിൽ ഒരു നടപടിയും നിങ്ങൾ എടുത്തില്ലായെന്ന് മാത്രമല്ല അവരെ സംരക്ഷിക്കുന്നതിനുള്ള നിലപാട് സ്വീകരിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായുള്ള സുപ്രീംകോടതിയുടെ വിധി 'പാരഗ്രാഫ് - 88' താങ്കൾ വായിച്ചിട്ടുണ്ടാകും. " The Chief Minister of the State also took no action for more than a month after the note dated, 13th April 2016 was put up by the Additional Chief Secretary, Home. The Chief Minister didn' t take any action in spite of the note pinpointing the three errant Police Officers against whom action was required to be taken. Surely Senkumar cannot alone be pre-judged and blamed for the State of affairs."

അയാൾ മാത്രമല്ല കുറ്റക്കാരൻ നിങ്ങൾകൂടി കുറ്റക്കാരനാണെന്ന് സുപ്രീംകോടതിയുടെ വിധി 'പാരഗ്രാഫ്-88-ൽ' കൃത്യമായി പറഞ്ഞിട്ടുണ്ട്. നിങ്ങൾക്ക് അതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് മാറാൻ കഴിയുമോ? ആഭ്യന്തര സെക്രട്ടറിയും ലോ സെക്രട്ടറിയും നിങ്ങൾക്ക് വാണിംഗ് തന്നിട്ടും നടപടിയെടുക്കണമെന്ന് പറഞ്ഞിട്ടും

ഒരു കോൺസ്റ്റബിളിന്റെ പേരിൽപോലും നടപടിയെടുക്കാത്തതു സംബന്ധിച്ച് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് എന്താണ് പറയാനുള്ളത്? അതാണ് 'പാരഗ്രാഫ്-88-ൽ' എടുത്തുപറഞ്ഞിട്ടുള്ളത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, Thank you very much. ഞാൻ പറയാൻ വിട്ടുപോയ ഒരു കാര്യം അങ്ങ് ഈ സഭയുടെയും രാജ്യത്തിന്റെയും ശ്രദ്ധയിൽപ്പെടുത്തിയതിന് നന്ദിയുണ്ട്. Erring Officers മൂന്നുപേരാണുള്ളത്. കൊല്ലം പോലീസ് കമ്മീഷണർ, ചാത്തന്നൂർ ഡിവൈ എസ്.പി., പരവൂർ സി.ഐ. ഇവരുടെ പേരിൽ അന്നത്തെ എ.ഡി.ജി.പി, അന്നത്തെ എ.സി.എസ്. ഹോം ശ്രീമതി നളിനി നെറ്റോ നടപടിയെടുക്കണമെന്ന് പറഞ്ഞ് ഞങ്ങൾക്കയച്ചു. അന്ന് 'Code of conduct' നിലവിലുണ്ട്. 'Code of conduct' നിലവിലുള്ളതുകൊണ്ട് ഞങ്ങളുടെ കൈകൾ കെട്ടപ്പെട്ടു; ഞങ്ങൾക്ക് നടപടിയെടുക്കാൻ കഴിയില്ല. 'Code of conduct' നിലവിൽ വന്നാൽ ഒരു പ്യൂണിനെ മാറ്റാനുള്ള അധികാരംപോലും സംസ്ഥാന ഗവൺമെന്റിനില്ലെന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ? അതുകൊണ്ടാണ് നടപടിയെടുക്കാത്തത്. അങ്ങ് പറഞ്ഞത് ശരിയാണ്. എന്റെ പോയിന്റ് അതാണ്. പിന്നെ ഒരു കാര്യം, സെൻകുമാറിന്റെ പേര് അതിനകത്തില്ല; മൂന്നുപേരുടെ പേരുകളേ അതിനകത്തുള്ളൂ. അതുമാത്രമല്ല, അവസാനത്തെ പാരഗ്രാഫ് 'surely Sen

Kumar cannot alone be pre-juged and blamed for the affair ' എന്നാണ്. പിന്നെ എന്തിനാണ് നിങ്ങൾ സെൻകുമാറിനെ മാറ്റിയത്?

ശ്രീ. എ. കെ. ബാലൻ: സർ, ഇലക്ഷൻ നോട്ടിഫിക്കേഷൻ വരുന്നതിനുമുമ്പേ നടന്ന സംഭവമാണിത്. ആ സംഭവവുമായി ബന്ധപ്പെട്ട് ഒരു രൂപത്തിലുമുള്ള നടപടിയും നിങ്ങൾ എടുത്തിട്ടില്ല. അതാണ് സുപ്രീം കോടതി പറഞ്ഞത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാന്യനായ നിയമമന്ത്രീ, അങ്ങേയ്ക്ക് തെറ്റിപ്പോയി. അങ്ങ് ഡേറ്റ് പരിശോധിക്കണം. തെരഞ്ഞെടുപ്പുപ്രചരണം നടത്തിക്കൊണ്ടിരിക്കുന്ന സമയത്താണ് പുറ്റിങ്ങൽ അപകടമുണ്ടായതും ഞാൻ നേരെ അങ്ങോട്ടുപോകുന്നതും. അങ്ങേയ്ക്ക് തെറ്റുപറ്റിപ്പോയതാണ്, പരിശോധിച്ചാൽ മതി. ഇവിടെ പ്രസക്തമായ കാര്യമാണ് നിയമ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ പറഞ്ഞത്. 'Senkumar alone cannot be blamed'. സെൻകുമാറിനെ മാത്രം കുറ്റപ്പെടുത്താൻ കഴിയില്ല. പിന്നെ നിങ്ങൾ എന്തിന് സെൻകുമാറിനെ മാറ്റണമെന്ന് നിങ്ങളുടെ അഡ്വക്കേറ്റിനെക്കൊണ്ട് വാദിച്ചുവെന്നാണ് എന്റെ ചോദ്യം? നിയമ വകുപ്പുമന്ത്രിയായ അങ്ങേയ്ക്ക് അഡ്വക്കേറ്റിനോട് ഉപദേശിക്കാമായിരുന്നു, ഈ തരത്തിലുള്ള വാദങ്ങൾ ഉന്നയിക്കാൻ പാടില്ലായെന്ന്. കേരള ചരിത്രത്തിൽ അത്യപൂർവ്വമായ ഒരു ലാപ്സാണ് ഗവൺമെന്റിന്റെ പേരിലുണ്ടായിരിക്കുന്നത്. ഇത്

തെറ്റായ നടപടിയാണ്; ഇത് തെറ്റായ കീഴ്വഴക്കങ്ങളുണ്ടാക്കും. ഒരു സംസ്ഥാന ഗവൺമെന്റിന് യോജിച്ച നടപടിയല്ലിത്. നാളത്തെ ക്യാബിനറ്റിലെങ്കിലും നിങ്ങൾ ഒരു തീരുമാനമെടുക്കണം. ഡി.ജി.പി സെൻകുമാറിനെ ലോ ആന്റ് ഓർഡറിന്റെ ചുമതലയുള്ള സ്റ്റേറ്റ് പോലീസ് ചീഫായി നാളെയെങ്കിലും നിയമിക്കാനുള്ള സാമാന്യമായ നീതിബോധം ഈ ഗവൺമെന്റ് കാണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, കേരള ചരിത്രത്തിൽ ഇത്രയും ഗുരുതരമായ ഒരു പ്രശ്നമുണ്ടാകുന്ന സമയത്ത് 130 പാവപ്പെട്ടവർ അഗ്നിക്കിരയാകുകയും 200-ഓളം പേർ മരണത്തിന്റെ വക്കിലെത്തുകയുമാണ് ചെയ്തത്. ഇലക്ഷനുമായി ബന്ധപ്പെട്ടുകൊണ്ടുള്ള സാങ്കേതിക പ്രശ്നമായിരുന്നെങ്കിൽ ഇലക്ഷൻ കമ്മീഷനോട് ആ സമയത്ത് നിങ്ങൾക്ക് എന്തുകൊണ്ട് ചോദിച്ചില്ല?

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, അങ്ങേയ്ക്ക് പറ്റിപ്പോയ തെറ്റിന് വീണിടം വിദ്യയാക്കേണ്ട.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഈ കാര്യം അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ആഭ്യന്തര മന്ത്രിയുടെയും ശ്രദ്ധയിൽപ്പെട്ടതല്ലേ? എന്തുകൊണ്ട് നടപടിയെടുക്കാൻ ഇലക്ഷൻ കമ്മീഷനോട് ചോദിക്കാൻ കഴിയുമായിരുന്നില്ല?

അന്നത്തെ മുഖ്യമന്ത്രിയെ സംബന്ധിച്ച് പറഞ്ഞിട്ടുള്ള ഈ strictures-ൽനിന്ന് ഒഴിവാക്കുന്നതിനുള്ള എന്തെങ്കിലും നടപടി നിങ്ങൾ എടുക്കുന്നുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇതിനകത്ത് കാര്യങ്ങൾ വളരെ വ്യക്തമാണ്. പുറ്റിങ്ങൽ വെടിക്കെട്ട് അപകടമുണ്ടാകുമ്പോൾ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിരുന്നു. സംസ്ഥാന ഗവൺമെന്റിന്റെ മുഴുവൻ അധികാരങ്ങളും ഇലക്ഷൻ കമ്മീഷന്റെ കൺട്രോളിൽ നിൽക്കുന്ന ഒരു കാലമാണ്. അവിടെ മാത്രമല്ല, ഞങ്ങൾ ആ സമയത്തും ഹൈക്കോടതി സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിക്കുന്നതിന് ഏർപ്പാട് ചെയ്തു. നിങ്ങൾ അധികാരത്തിൽ വന്നശേഷം ആ ജുഡീഷ്യൽ കമ്മീഷന് പ്രവർത്തിക്കാനുള്ള അനുവാദം കൊടുത്തോ? നിങ്ങൾ പറഞ്ഞ 100 പേർ മരിച്ച പുറ്റിങ്ങൽ അപകടത്തിന്റെ ജഡ്ജി രാജിവച്ചുപോയില്ലേ; രണ്ടാമത്തെ കമ്മീഷനെ നിങ്ങൾ നിയമിച്ചു. രണ്ടാമത്തെ കമ്മീഷന് പ്രവർത്തിക്കാൻ ഇതുവരെ സൗകര്യം കൊടുത്തിട്ടുണ്ടോ? അങ്ങനെയുള്ള കാര്യങ്ങൾ ദയവായി എന്നെക്കൊണ്ട് പറയിക്കരുത്.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സഭയെ തെറ്റിദ്ധരിപ്പിക്കരുത്. കമ്മീഷനുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രവർത്തനം സജീവമായി നടക്കുകയാണ്. അതിൽ യാതൊരു രൂപത്തിലുള്ള കുറവും കേരള

ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വന്നിട്ടില്ല. തെറ്റായിട്ടുള്ള രൂപത്തിൽ സഭയെ നയിക്കരുത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുതന്നെ 2006-ലെ പോലീസ് ആക്ടായിരിക്കുമെന്നാണ് പറഞ്ഞത്; അതും തെറ്റായിരുന്നു; 2011-ലെ പോലീസ് ആക്ടായിരുന്നു; അതുംകൂടി മനസ്സിലാക്കണം.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, അതൊരു ചെറിയ തെറ്റല്ലേ; 2006 എന്നുള്ളത് 2011 ആയതല്ലേയുള്ളൂ; ഞാൻ അത് തിരുത്തിയല്ലോ. 2006 ആണെന്നാണ് ഞാൻ ധരിച്ചത്; പെട്ടെന്നാണ് ഞാൻ ഓർത്തത്. 2011 ആണെന്ന് എനിക്കുമറിയാമല്ലോ; ഞാനിത് രണ്ടരവർഷം കൈകാര്യം ചെയ്ത ഒരാളല്ലേ? അതല്ല ഇവിടത്തെ വിഷയം, ഒരു ഗവൺമെന്റ് സുപ്രീംകോടതിവിധി അംഗീകരിക്കുന്നോയെന്നുള്ളതാണ് പ്രശ്നം. ആ വിധി അംഗീകരിക്കുന്നുവെങ്കിൽ ബഹുമാന്യനായ മുഖ്യമന്ത്രി നാളെ കേരളത്തിന്റെ പോലീസ് ചീഫായി സെൻകുമാറിനെ നിയമിക്കുമെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ഡി.ജി.പി.യുടെ പേരു ചോദിച്ചപ്പോൾ അതുപോലും പറയാൻ തയ്യാറല്ല. പിന്നെ എന്തിനാണ് അങ്ങ് ലോക്നാഥ് ബെഹ്റയെ എറണാകുളത്തും കോഴിക്കോട്ടു തൃശ്ശൂരുമൊക്കെ മീറ്റിംഗിനു വിളിച്ചുകൊണ്ടുപോയത്? അദ്ദേഹം ഡിജിപി അല്ലെങ്കിൽ അതുശരിയാണോ? അങ്ങ് പേരു പറയണമായിരുന്നു. ഞാൻ വിചാരിച്ചു അങ്ങ് പേരു പറയുമെന്ന്. ഇപ്പോൾ ഡി.ജി.പി ലോക്നാഥ്

ബെഹ്റയാണ്. അങ്ങ് അത് പറഞ്ഞില്ല; അങ്ങ് ബെഹ്റയെയും തള്ളിപ്പറഞ്ഞിരിക്കുന്നു. ലോ ആന്റ് ഓർഡറിന് സ്റ്റേറ്റ് പോലീസ് ചീഫ് ഇല്ലാത്ത സാഹചര്യംമൂലം ഗുരുതരമായ സാഹചര്യമാണ് ഇവിടെ വന്നിരിക്കുന്നത്. ക്രമസമാധാനനില നിയന്ത്രിക്കേണ്ട, നേതൃത്വം കൊടുക്കേണ്ട, മോണിറ്റർ ചെയ്യേണ്ട പോലീസ് ചീഫില്ലാത്തതുകൊണ്ട് കേരളത്തിൽ ഗുരുതരമായ സാഹചര്യങ്ങളുണ്ടായിരിക്കുന്നു. ഇതു ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽ അറിയാതെയാണോ അറിഞ്ഞിട്ടാണോയെന്ന് അറിയില്ല അവസാനം പറഞ്ഞു, സുപ്രീംകോടതി വിധിയിൽ നീതി നടപ്പിലാക്കണമെന്ന് പറഞ്ഞിരിക്കുന്നു എന്ന്. അത് ഞങ്ങൾ നടപ്പിലാക്കും. അതിനർത്ഥം ഞങ്ങൾ ചെയ്തത് അനീതിയാണ്. സുപ്രീംകോടതി നീതി നടപ്പിലാക്കണമെന്ന് പറഞ്ഞിരിക്കുന്നുവെന്ന് അദ്ദേഹം ഇവിടെ സമ്മതിച്ചതിൽ ആദ്യമായി ഞങ്ങളുടെ സന്തോഷം രേഖപ്പെടുത്തുകയാണ്.

അങ്ങേയ്ക്ക് ധാരാളം ഉപദേശകരുണ്ട്. ഉപദേഷ്ടാക്കളെന്നുപറഞ്ഞ് കുറെയാളുകളെ നിയമിച്ചു. ഉപദേഷ്ടാക്കളെ വയ്ക്കണമെന്ന് പറയുന്നൊരു ഉപദേഷ്ടാവ് എവിടെയോ ഉണ്ട്. അദ്ദേഹത്തെ മാറ്റിയാൽതന്നെ അങ്ങ് രക്ഷപ്പെടുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഉപദേശം കേട്ടുകേട്ട് പല തെറ്റുകളിലേയ്ക്കും പോയിക്കൊണ്ടിരിക്കുകയാണ്. Gods own country എന്നുപറയുന്നത് ഞങ്ങളെക്കുറിച്ചല്ലായെന്ന് ഇവിടെ അങ്ങ് തന്നെ പറഞ്ഞു. അങ്ങ് ഈ വിധിയൊന്ന് കൃത്യമായി വായിച്ചുനോക്കിയാൽ അതിന്റെ 95-ാമത്തെ പാരഗ്രാഫിൽ പറയുന്നത് ഈ വിധിയെ സംബന്ധിച്ച് തന്നെയാണ്. We are also a little disturbed with the view expressed in the detailed counter affidavit and elsewhere that the appointment of the appellant was irregular if not illegal. അത് ഈ വിഷയത്തെതന്നെ പരാമർശിച്ചുകൊണ്ടാണ് പറയുന്നത്. If that is so and the State Govt. of Kerala is bend upon making irregular or illegal appointments to sensitive posts then no one can help Gods own country. അതായത് ഈ വിഷയത്തിൽ illegal ആയി appointment നടത്തിയെന്നുള്ളത് ശരിയാണെങ്കിൽ

ദൈവത്തിന്റെ സ്വന്തം നാടിനെ രക്ഷിക്കാൻ ആർക്കും സാധിക്കില്ലെന്ന് പറയുമ്പോൾ ഇത് കഴിഞ്ഞ ഗവൺമെന്റിനെക്കുറിച്ചല്ല ഈ ഗവൺമെന്റ് ചെയ്തിട്ടുള്ള ഈ appointment നെക്കുറിച്ചാണ്.

ശ്രീ. പിണറായി വിജയൻ: അത് അതിശയകരമായ വ്യാഖ്യാനം ആയിപ്പോയി. ആ പറഞ്ഞഭാഗം ശ്രീ. ടി. പി. സെൻകുമാറിനെ ഡി.ജി.പി.യായി നിശ്ചയിച്ചതിന്റെ ആ കാലത്തെപ്പറ്റിയാണ്. അങ്ങനെ നിശ്ചയിക്കുന്നതിന് സാധാരണയൊരു പ്രൊസിഡ്യൂവർ ഉണ്ട്. അത് അങ്ങേയ്ക്കും അറിയാമെന്നാണ് തോന്നുന്നത്. അതിന് ഒരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റിയിൽ ആളുകളെ വച്ച് പരിശോധന നടത്തി ആരാണോ യോഗ്യൻ അവരെ നിശ്ചയിക്കുകയാണ് ചെയ്യുന്നത്. ആ ഘട്ടത്തിൽ നമുക്കെല്ലാവർക്കും അറിയാവുന്നൊരു കാര്യമുണ്ടല്ലോ. കോടതിക്കകത്തുള്ള കാര്യമായതുകൊണ്ട് ഞാൻ അതിന്റെ ഉള്ളറകളിലേയ്ക്ക് പോകുന്നില്ല. എന്നാൽ ആ ഘട്ടത്തിൽ സീനിയറായൊരാൾ ഇങ്ങോട്ട് വരാൻ പോകുകയായിരുന്നുവെന്ന് നിങ്ങൾക്കറിയാം. ആളിന്റെ പേര് എനിക്ക് അറിയാത്തതുകൊണ്ടല്ല കോടതിയുടെ കാര്യമായതുകൊണ്ട് ആ പേര് ഞാൻ

പറയുന്നില്ല. ഇവിടെ വന്നാൽ അദ്ദേഹത്തെ നിയമിക്കണം. അദ്ദേഹം വരാൻ തയ്യാറാണെന്ന് അറിയിച്ചുകഴിഞ്ഞു. അതിൽനിന്നും പെട്ടെന്ന് മാറിപ്പോകാൻവേണ്ടിയുള്ള നിലാപാടെന്ന നിലയ്ക്ക് നിങ്ങൾ മറ്റൊരു പരിശോധനയുമില്ലാതെ ക്യാബിനറ്റിൽ ഇദ്ദേഹത്തെ തീരുമാനിക്കുകയായിരുന്നു. സാധാരണ നിലയിലുള്ള ഒരു പ്രൊസീഡ്യുവറും അംഗീകരിച്ചില്ല. ആ ഭാഗമാണ് illegal ആണെന്നുപറഞ്ഞത്. അതിനെക്കുറിച്ചാണ് ആ പരാമർശം.

ഡോ. എം. കെ.മുനീർ: കൺക്ലൂഷനിൽ പറയുന്ന കാര്യംതന്നെ നോക്കാം.

ശ്രീ. എ. കെ. ബാലൻ: സർ, 88-ാം പാരഗ്രാഫിന്റെ തുടർച്ചയാണത്. അന്നത്തെ മുഖ്യമന്ത്രിക്കെതിരായിട്ടുള്ള ...(മൈക്ക് ഓഫ്)

ഡോ. എം. കെ.മുനീർ: 95-ന്റെ തുടർച്ചയാണല്ലോ 96. അതിൽ പറയുന്നത് under the circumstances we are compel to act....... set aside the judgement and order of the Central Administrative Tribunal, the impugned judgement and order of the High Court as well as the order dated 1st June 2016 and direct the State of Kerala to re-instate the appellant Dr. T.P. Senkukmar as the State Police Chief കൺക്ലൂഷനിൽ എത്തുന്ന സമയത്ത് അങ്ങ് ഇവിടെ പറഞ്ഞ

സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെയും ഹൈക്കോടതിയുടെയും വിധി സെറ്റ് അസൈഡ് ചെയ്ത് ശ്രീ. ടി. പി. സെൻകുമാറിനെ നിയമിക്കാൻ പറഞ്ഞിരിക്കുന്നു. ഇതിൽ അവധാനത വേണമെന്നാണ് അങ്ങ് പറയുന്നത്. പുറത്താക്കാൻ 3 ദിവസത്തെ അവധാനതയുടെ ആവശ്യമില്ല. ദിവസം ഇത്ര കഴിഞ്ഞിട്ടും തിരിച്ചെടുക്കാൻ അവധാനത വേണമെന്നു പറയുന്നതിനാലാണ് ഞങ്ങൾക്ക് സംശയം. ഇനി അദ്ദേഹത്തിന് 2 മാസമേ സർവ്വീസുള്ളൂ. ആ രണ്ടു മാസത്തിൽ ഇനിയും എത്ര ദിവസം എടുക്കാൻ പറ്റുമെന്നാണ് നിങ്ങൾ പരിശോധിക്കുന്നതെങ്കിൽ അത് ശക്തമായ കോടതിയലക്ഷ്യമായി മാറാനുള്ള സാദ്ധ്യതയുണ്ടെന്നുകൂടി അങ്ങയെ അറിയിക്കുകയാണ്. അങ്ങ് ഇപ്പോൾ അദ്ദേഹത്തിന്റെ കുഴപ്പങ്ങളെക്കുറിച്ച് പറഞ്ഞല്ലോ? ശ്രീ. ടി. പി. സെൻകുമാറിന്റെ പഴയകാലത്തെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. 1998-ൽ ടി. എം. ജേക്കബും കൃഷ്ണകുമാറുമായി (ഇ. കെ. നായനാരുടെ മകൻ) ബന്ധപ്പെട്ട കേസിൽ ടി. പി. സെൻകുമാർ സത്യസന്ധമായി പെരുമാറിയെന്നുപറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ തലയിൽ ഒരു കിരീടം വച്ചുകൊടുത്തത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയാണെന്ന് ഓർക്കണം. 1996-ൽ സി.ബി.ഐ.-യിൽ നിന്നും ഐ.എസ്.ആർ.ഒ.-യുമായി

ബന്ധപ്പെട്ട കേസെടുത്ത് മാറ്റിയപ്പോൾ അത് അന്വേഷിക്കാൻ ഇ. കെ. നയനാർ കണ്ടെത്തിയ ഏറ്റവും നല്ല ഉദ്യോഗസ്ഥൻ ശ്രീ. ടി. പി. സെൻകുമാർ ആയിരുന്നുവെന്ന് അന്നത്തെ പത്രങ്ങൾ പറഞ്ഞിട്ടുണ്ട്. ഫ്രഞ്ച് ചാരക്കേസുമായി ബന്ധപ്പെട്ട കേസ് വന്നപ്പോൾ ശ്രീ. ടി. പി. സെൻകുമാർ നിങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ടവനായിരുന്നു. അതുപോലെ ബി.ജെ.പി. നേതാവായിരുന്ന ഒറ്റപ്പാലത്തുള്ള ശ്രീധരനെ കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായി അതിനെ അവതരിപ്പിച്ച് അതിൽ 9 സി.പി.ഐ. (എം) പ്രവർത്തകർ രക്ഷപ്പെട്ടപ്പോൾ ശ്രീ. ടി. പി. സെൻകുമാർ നിങ്ങൾക്ക് വേണ്ടപ്പെട്ടവനായിരുന്നു. ആവശ്യമുള്ളപ്പോഴൊക്കെ അദ്ദേഹം നിങ്ങൾക്ക് അമ്പലപ്പുഴ പാൽപ്പായസവും ആവശ്യമില്ലാത്തപ്പോൾ കയ്പ്പിൻ പാവയ്ക്കാ നീരും. എങ്ങനെയാണ് ഒരു വ്യക്തിയിൽ രണ്ടുരീതിയിലുള്ള സമീപനം ഉണ്ടാകുന്നത്? നിങ്ങൾ ശ്രീ. വി. എസ്. അച്യുതാനന്ദന്റെ കാലഘട്ടത്തിലുള്ള അദ്ദേഹത്തിന്റെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് എടുത്തു നോക്കുക. അദ്ദേഹത്തിന് എപ്പോഴും പത്ത് മാർക്കാണ് എല്ലാത്തിനും കിട്ടിയിട്ടുള്ളത്. രാഷ്ട്രീയ ഭേദമന്യേ ഏത് ഭാഗത്തുള്ളവരും നോക്കിയപ്പോഴും the

best officer / out standing officer എന്നുപറയുന്ന പട്ടം കിട്ടിയിട്ടുള്ള അദ്ദേഹത്തെ ഡി.ജി.പി. ആക്കുന്നതിന് അധികം ആലോചിക്കേണ്ടതില്ല. അദ്ദേഹത്തിന്റെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് മാത്രം നോക്കിയാൽ മതി. പക്ഷേ അദ്ദേഹത്തെ പുറത്താക്കുമ്പോൾ ഈ കോൺഫിഡൻഷ്യൽ റിപ്പോട്ടൊക്കെ വലിയ പ്രശ്നമായി മാറുമെന്നാണ് സുപ്രീംകോടതി വിധിയിൽ പറഞ്ഞിട്ടുള്ളത്. അങ്ങ് പിടിവാശി അവസാനിപ്പിക്കണം. കാരണം പല പിടിവാശികളും പല യുദ്ധങ്ങളിലേയ്ക്കും പോയിട്ടുണ്ട്. ദുര്യോധനന്റെ അടുത്ത് ശ്രീകൃഷ്ണൻ സന്ദേശകനായി നേരിട്ടുവന്ന് നിങ്ങൾ പകുതി രാജ്യം കൊടുക്കൂ അല്ലെങ്കിൽ അഞ്ച് ഗ്രാമം കൊടുക്കൂ, അഞ്ച് വീട് കൊടുക്കൂ, ഒരു വീടെങ്കിലും കൊടുക്കുവെന്ന് പറഞ്ഞ് വാശി പിടിച്ചതിന്റെ പേരിലുണ്ടായ യുദ്ധത്തെക്കുറിച്ച് അങ്ങേയ്ക്ക് അറിയാം. ദയവുചെയ്ത് ഇത്തരം യുദ്ധങ്ങൾ ഉണ്ടാക്കാതെ ന്യായമായും അദ്ദേഹത്തിന് കിട്ടേണ്ടത് എത്രയും പെട്ടെന്ന് കൊടുത്തില്ലെങ്കിൽ അടുത്ത കോടതിയലക്ഷ്യംകൂടി ഈ ഗവൺമെന്റിന്റെ മുകളിൽ ഡെമോക്ലസിന്റെ വാൾപോലെ നിൽക്കുകയാണ്. ആ ഒരു നാണക്കേടുകൂടി ഒഴിവാക്കാൻ ശ്രമിക്കുന്നതായിരിക്കും നല്ലതെന്നുകൂടി അറിയിക്കാൻ ആഗ്രഹിക്കുന്നു.

രാഷ്ട്രീയ ഇടപെടൽ ഉണ്ടാകും എന്നുള്ളതുകൊണ്ടാണ് പോലീസ് ആക്ട് തന്നെ വരാൻ കാരണം. ശ്രീ. ഇന്ദ്രജിത്ത് ഗുപ്തയെന്നു പറയുന്ന സി.പി.ഐ.യുടെ ആഭ്യന്തര മന്ത്രിയാണ് ഇങ്ങനെ രാഷ്ട്രീയ ഇടപെടൽ ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് പറഞ്ഞ് 1996-ൽ എല്ലാ സംസ്ഥാനത്തെ മുഖ്യമന്ത്രിമാർക്കും എഴുതിയത്. അങ്ങനെയാണ് പോലീസ് ആക്ടിൽ തന്നെ ഭേദഗതിയുണ്ടാകുന്ന വിപ്ലവകരമായ തീരുമാനങ്ങളിലേയ്ക്ക് എത്തുന്നത്. ആ ഇന്ദ്രജിത് ഗുപ്തയെ ഓർത്തെങ്കിലും നിങ്ങൾ ഇക്കാര്യത്തിൽ ഇന്നുതന്നെ നടപടിയെടുത്തുകൊണ്ട് നിങ്ങളുടെ അന്തസ്സ് കാത്തുസൂക്ഷിക്കാൻ ശ്രമിക്കുന്നത് നല്ലതാണെന്ന് പറഞ്ഞുകൊണ്ട്, ഇത്രയും ഗൗരവമായ വിഷയം ചർച്ച ചെയ്യാൻ വിസമ്മതിച്ചതിലുള്ള പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി. )

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ശ്രീ. ലോക്നാഥ് ബഹ്റ മോശക്കാരനാണെന്നോ ശ്രീ. ടി. പി. സെൻകുമാർ മിടുമിടുക്കനാണെന്നോ അല്ല

ഞങ്ങൾ പറയുന്നത്. ഇവിടെ സുപ്രീം കോടതി വിധി നടപ്പിലാക്കുക എന്നതാണ് ആവശ്യം. അത് ജനാധിപത്യത്തിന്റെ ഒരു അനിവാര്യതയാണെന്ന് ഗവൺമെന്റ് മനസ്സിലാക്കണം. കോടതി പരാമർശത്തിന്റെ പേരിൽപോലും ഈ സംസ്ഥാനത്തും രാജ്യത്തും മന്ത്രിമാർ രാജിവച്ചിട്ടുണ്ട്. ഒരു സ്പീക്കിംഗ് ഓർഡർ ഗവൺമെന്റിന്റെ മുമ്പിൽ കടന്നുവന്നിട്ട് ഒരാഴ്ച പിന്നിടുമ്പോഴും അതിന്റെ മുമ്പിൽ ആ ഗവൺമെന്റ് നിശബ്ദത പാലിക്കുക എന്നുള്ളത് അംഗീകരിക്കാൻ കഴിയില്ല. അദ്ദേഹത്തെ പോലീസ് ചീഫ് ആയി റീ-ഇൻസ്റ്റേറ്റ് ചെയ്യണമെന്ന് വളരെ കൃത്യമായി കോടതി ഉത്തരവ് നിലനിൽക്കുമ്പോഴും അനാവശ്യമായ കാലതാമസമാണ് ഗവൺമെന്റ് ഉണ്ടാക്കുന്നത്. ഒരിക്കലും ഒരു ഗവൺമെന്റിന് അത് ഭൂഷണമാകുമെന്ന് ഞാൻ കരുതുന്നില്ല. പല കാരണങ്ങളാൽ ക്രമസമാധാന പ്രശ്നങ്ങൾ പല സന്ദർഭങ്ങളിലും കേരളത്തിലുണ്ടാകുന്നുണ്ട്. അത്തരത്തിലുള്ള വിഷയങ്ങൾക്ക് ആക്കം കൂട്ടുന്ന നിലയിലേയ്ക്ക് ഈ പ്രശ്നവും കടന്നുവന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ബാക്ക്ഗ്രൗണ്ടിലേക്ക് പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഡി.ജി.പി. ആയിരുന്ന സെൻകുമാറിനെ മാറ്റാൻ ഗവൺമെന്റ് എടുത്ത കാര്യങ്ങളും പുതിയ ഡി.ജി.പി.

വന്നതിനുശേഷം കേരളത്തിലുണ്ടായിട്ടുള്ള പ്രശ്നങ്ങളുമൊക്കെ നിയമസഭയ്ക്ക് അകത്തും പുറത്തും ധാരാളം ചർച്ച ചെയ്തതാണ്. അതുകൊണ്ട് അതിലേയ്ക്ക് കടക്കുന്നില്ല. ഒരു ഉദ്യോഗസ്ഥനെ മാറ്റുമ്പോൾ അത് കൃത്യമായ നിലയിൽ എന്തുകൊണ്ടെന്ന് പറയാനോ ബോദ്ധ്യപ്പെടുത്താനോ ഗവൺമെന്റിന് കഴിഞ്ഞില്ല എന്നുള്ളതാണ് സുപ്രീം കോടതി വിധിക്ക് അടിസ്ഥാനമായി നിൽക്കുന്നത്. കോടതി വിധി നടപ്പിലാക്കി ജനാധിപത്യത്തിന്റെ അന്തസ്സ് സംരക്ഷിക്കുവാൻ ഈ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ടിൽ പങ്കുചേരുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി. )

ശ്രീ. പി. ജെ. ജോസഫ്: സർ, ഇവിടെ ഒരു ഡി.ജി.പി ഇല്ലാതായിരിക്കുന്നു. അത് പരിശോധിക്കാൻ ഗവൺമെന്റിന് അവകാശമുണ്ട്. അതിന് ഇത്രയും സമയമെടുക്കേണ്ട കാര്യമില്ല. റിവിഷൻ കൊടുക്കുന്നില്ലായെന്ന്

തീരുമാനിച്ചപ്പോൾ, അതുമായി മുന്നോട്ട് പോകാതിരിക്കുമ്പോൾ കുറഞ്ഞ സമയത്തിനുള്ളിൽ നിയമോപദേശം സ്വീകരിച്ചുകൊണ്ട് സുപ്രീം കോടതി വിധി നടപ്പാക്കുമെന്ന് അങ്ങ് ഇവിടെ പറഞ്ഞ സാഹചര്യത്തിൽ ഇതിന് അനാവശ്യമായ ഒരു കാലവിളംബമുണ്ടാകുന്നു എന്നുള്ളതാണ് വസ്തുത. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി. )

ശ്രീ. ഒ. രാജഗോപാൽ: സർ, സെൻകുമാർ കേസിൽ ഈ സർക്കാർ പിൻതുടരുന്ന പക്ഷപാതപരമായ സമീപനങ്ങൾക്കും പിടിപ്പുകേടിനും നീതി നിഷേധത്തിനും നിയമ സംവിധാനം സംരക്ഷിക്കുന്ന കാര്യത്തിൽ രാഷ്ട്രീയമായ പരിഗണന വച്ചുകൊണ്ട് ചെയ്യുന്നുവെന്നുമുള്ള ശ്രീ. ടി. പി. സെൻകുമാറിന്റെ ആരോപണങ്ങളൊക്കെ പുറത്തുവന്ന സാഹചര്യത്തിൽ ഈ സർക്കാരിന്റെ പൂർണ്ണമായ പരാജയം പകൽപോലെ വ്യക്തമായിട്ടുണ്ട്. സുപ്രീം കോടതി ഒന്നുമല്ലാതെയല്ല പറയുന്നത്. ഈ രീതിയിലാണ് പോകുന്നതെങ്കിൽ ദൈവത്തിന്റെ

നാടിനെ രക്ഷിക്കാൻ ആർക്കും സാദ്ധ്യമല്ല. ഇങ്ങനൊരു സാഹചര്യം മുൻ ഗവൺമെന്റിനെപ്പറ്റി എന്നൊക്കെ പറഞ്ഞ് വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നത് വൃഥാവിലുള്ള ശ്രമമാണ്. കാരണം കോടതി വിധി വ്യക്തമായതിനുശേഷം ഇത്രയും ദിവസങ്ങളായിട്ടും നടപടി വേഗത്തിൽ നടപ്പാക്കാൻ സാധിക്കുന്നതായ കാര്യങ്ങൾ ചെയ്യാതെ അതിനെ ഉന്തിത്തള്ളി നീക്കി വീണ്ടും ആ ഉദ്യോഗസ്ഥനെ അപമാനിക്കാൻ വേണ്ടി നടത്തുന്ന ശ്രമങ്ങൾ സുപ്രീം കോടതിയുടെ വിധി ഈ ഗവൺമെന്റിനെ സംബന്ധിച്ചിട്ടുള്ളതാണ് എന്നുള്ളത് പകൽപോലെ വ്യക്തമാണ്. ഈ മന്ത്രിസഭ അധികാരത്തിലേറി 2 ദിവസം കഴിഞ്ഞപ്പോൾ ഒരു അഴിമതി ആരോപണത്തിനും വിധേയനാവാത്ത, നല്ല പേര് സമ്പാദിച്ചിട്ടുള്ള ഉദ്യോഗസ്ഥനെ ഈ രീതിയിൽ അപമാനിക്കാൻ സാധിച്ചുവെന്ന് പറഞ്ഞാൽ അതിന്റെ പിറകിൽ ചില നാടകങ്ങളും നടന്നിട്ടുണ്ടെന്ന് വ്യക്തമാണ്. അതിന്റെ അടിസ്ഥാനത്തിൽ ആ രേഖകളൊക്കെ പരിശോധിക്കാൻ സുപ്രീം കോടതിക്ക് അവസരം കിട്ടിയതുകൊണ്ടാണ് ഇത്തരത്തിലൊരു പരാമർശം നടത്താത്ത കോടതിക്കുപോലും ദൈവത്തിന്റെ നാടിനെ ആർക്കും സംരക്ഷിക്കാൻ സാദ്ധ്യമല്ലെന്ന് പറയേണ്ടിവന്നിട്ടുള്ളത്. അത് ശരിയാണെന്ന് തെളിയിക്കുന്ന തരത്തിലാണ്

അതിനുശേഷമുള്ള നടപടികളും. വളരെ ദൗർഭാഗ്യകരമായ ഈ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി. )

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം തിരിച്ചെത്തി)